കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.lfa.kerala.gov.in

# പുറക്കാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-2019

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ**

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി-പി.12/1031/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ ജില്ല

തീയതി.03.12.2019
ഫോൺ – 0477 2252753
ഇ-മെയിൽ – ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പുറക്കാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പുറക്കാട് ഗ്രാമപഞ്ചായത്ത്- 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

****************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുറക്കാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി.12/1031/2019 തീയതി.03.12.2019

# ആലപ്പുഴ ജില്ലയിലെ പുറക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994* ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് *215(4) , 1994* ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് *13, 1996*ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം *18* എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പുറക്കാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 20.12.2018 മുതൽ 18.09.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | കെ.വി.സന്തോഷ്<br>ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 19.9.2019മുതൽ<br>30.9.2019 വരെ | ശ്രീ.വിജയകുമാർ.എൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)<br>ശ്രീ.കെ.എം.പ്രശോഭൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.എ.ഡി.ബീന, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.പ്രീത, ഓഡിറ്റർ |

## (ബി) നിർവ്വഹണാധികാരികൾ

### 1) പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി.റഹമത്ത് ഹാമിദ് | 01.04.2018 മുതൽ 31.03.2019 വരെ |

### 2) സെക്രട്ടറി

| | |
|---|---|
| ശ്രീ.ആന്റണി.സി (ഇൻചാർജ്ജ്) | 01.04.2018 മുതൽ 19.04.2018 വരെ |
| ശ്രീമതി.എസ്.ഗംഗാലക്ഷ്മി | 20.04.2018 മുതൽ 21.06.2018 വരെ |
| ശ്രീ.വി.എം.സജി | 22.06.2018 മുതൽ 31.03.2019 വരെ |

**3.സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ**

| ക്രമ നം. | സ്റ്റാൻഡിംഗ് കമ്മറ്റി | പേര് | കാലയളവ് |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ.ശശികാന്തൻ | 01.04.2018 മുതൽ 31.03.2019 വരെ |
| 2 | വികസനകാര്യം | ശ്രീമതി.ആർ.സുനി | 01.04.2018 മുതൽ 31.03.2019 വരെ |
| 3 | ക്ഷേമകാര്യം | ശ്രീ.ജിനരാജ് | 01.04.2018 മുതൽ 31.03.2019 വരെ |
| 4 | ആരോഗ്യ-വിദ്യാഭ്യാസം | ശ്രീമതി.ജയശ്രീ ചന്തു | 01.04.2018 മുതൽ 31.03.2019 വരെ |

**4) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ**

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.സുജ.എം.എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.പ്രിൻസ് മോൻ.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.മിട്ടു മോഹൻ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.പ്രീതി.പി.റ്റി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ധന്യ.സി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.റംലത്ത് ബീവി | 01.04.2018 മുതൽ 05.07.2018 വരെ |
| | ഡോ.ദീപേഷ് | 06.07.2018 മുതൽ 31.07.2018 വരെ |
| | ഡോ.ശ്രീരാജ്.വി.പ്രഭു | 01.08.2018 മുതൽ 03.11.2018 വരെ |
| | ഡോ.നിഷ.ജെ | 04.11.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.സൽമാബീവി.എ | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.എസ് | ശ്രീ.അബ്ദുൾ ലത്തീഫ് | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി.സിസി ആന്റണി | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ പുറക്കാട് | ശ്രീ.ശരത് ബാബു | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ തോട്ടപ്പള്ളി | ശ്രീ.സുനിൽകുമാർ | 01.04.2018 മുതൽ 18.12.2018 വരെ |
| | ശ്രീ.ശരത് ബാബു | 19.12.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ആന്റണി.സി | 01.04.2018 മുതൽ 19.04.2018 വരെ |
| | ശ്രീ.സുരേഷ്.എ | 20.04.2018 മുതൽ 31.03.2019 വരെ |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീമതി.ലൂസി | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഖണ്ഡിക നം. | ഇനം |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| | | |

| | | |
|---|---|---|
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷിക കണക്കിലെ അപാകതകൾ |
| 13 | 1-13 | തൊഴിൽ നികുതി ഈടാക്കിയില്ല |
| 14 | 1-14 | മൊബൈൽ ടവറുകളുടെ വസ്തുനികുതി - പൂർണ്ണമായും ഈടാക്കിയിട്ടില്ല |
| 15 | 1-15 | പഞ്ചായത്ത് ലൈസൻസ് (ഫാക്ടറി/വ്യാപാര/സംരംഭക/സേവനങ്ങൾ) - അപാകങ്ങൾ |
| 16 | 1-16 | ഇ-ടെണ്ടറിംഗിലൂടെ നടപ്പാക്കിയ പ്രവൃത്തികളിൽ നിന്നുള്ള ടെണ്ടർ ഫീസ് ഈടാക്കിയത് തനത്ഫണ്ടിൽ വരവ് വെച്ചില്ല |
| 17 | 1-17 | കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് - കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല |
| 18 | 1-18 | പദ്ധതി നിർവ്വഹണത്തിൽ വീഴ്ച – 78.45 ലക്ഷം ചെലവഴിച്ചില്ല |
| 19 | 1-19 | റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാതെയുള്ള റോഡ് വികസന പ്രവർത്തനങ്ങൾ ലക്ഷ്യം കൈവരിക്കുന്നില്ല |
| 20 | 1-20 | ഗുണഭോക്തൃകമ്മിറ്റികൾ വഴി നടപ്പിലാക്കിയ ചില പ്രവൃത്തികളിൽ ഓവർഹെഡ് ചാർജ്ജിനത്തിൽ കൺവീനർമാർക്ക് അധിക തുക നൽകി |
| 21 | 1-21 | വീട് വാസയോഗ്യമാക്കൽ അധികം തുക അനുവദിച്ചു |
| 22 | 1-22 | MGNREGS മെറ്റീരിയൽ വർക്കുകളിലെ അപാകതകൾ |
| 23 | 1-23 | നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കാത്തതു മൂലം അധികച്ചെലവ് |
| 24 | 1-24 | എസ്.സി.വിഭാഗക്കാർക്ക് ഗാർഹിക വാട്ടർ കണക്ഷൻ -യഥാർത്ഥ ചെലവിനേക്കാൾ കൂടുതൽ തുക അനുവദിച്ചുനൽകി |
| 25 | 1-25 | സ്ട്രീറ്റ് ലൈറ്റുമായി ബന്ധപ്പെട്ട് നടപ്പാക്കിയ പ്രോജക്ടുകൾ കാര്യക്ഷമമല്ല |
| 26 | 1-26 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു |
| 27 | 1-27 | വെള്ളക്കരം കുടിശ്ശിക വാട്ടർ അതോറിറ്റിയിൽ അടക്കുന്ന തുകകൾ പഞ്ചായത്തിന്റെ പേരിൽ വരവ് വച്ചിട്ടുണ്ടെന്നതിന് രേഖകളില്ല |
| 28 | 1-28 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല |
| 29 | 1-29 | വനിതകൾക്ക് ആടുകളും കോഴികളും വിതരണം ചെയ്തത് - പർച്ചേസിംഗ് കമ്മറ്റി രൂപീകരിച്ചതായി കാണുന്നില്ല |
| 30 | 1-30 | മഴക്കാല പൂർവ്വ ശുചീകരണം - വാർഡുതല സാനിട്ടേഷൻ സമിതിയുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല |
| 31 | 1-31 | ഒരേ ആവശ്യത്തിനായി വിവിധ പ്രോജക്ടുകൾ പ്രകാരം വാങ്ങിയ ലാപ്ടോപ്പുകൾക്ക് വിവിധ വിലകൾ നൽകി |
| 32 | 1-32 | മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:- |
| 33 | 1-33 | പൊതുമരാമത്ത് പ്രവൃത്തികൾ- ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടുള്ള തുകകൾ ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ അടയ്ക്കുന്നില്ല |
| 34 | 1-34 | തെരുവ് വിളക്കുകളുടെ പ്രവർത്തനം- പരാതി രജിസ്റ്റർ സൂക്ഷിക്കുന്നില്ല |
| 35 | 1-35 | പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ - സർക്കാർ ഉത്തരവ് പാലിക്കാതെ തുക ചെലവഴിക്കുന്നു |
| 36 | 1-36 | ആർജ്ജിതാവധി സറണ്ടർ -ലീവ് വിവരങ്ങൾ ലഭ്യമാക്കിയില്ല |
| 37 | 1-37 | വയബിലിറ്റി ഗ്യാപ്പ് ഫണ്ടും അനുബന്ധ പ്രവൃത്തികളും |
| | | |

| | | |
|---|---|---|
| 38 | 1-38 | അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ |
| 39 | 3-1 | ഗുണഭോക്തൃകമ്മിറ്റികൾ വഴി നടപ്പിലാക്കിയ ചില പ്രവൃത്തികളിൽ ഓവർഹെഡ് ചാർജ്ജിനത്തിൽ കൺവീനർമാർക്ക് അധിക തുക നൽകി |
| 40 | 3-2 | വീട് വാസയോഗ്യമാക്കൽ അധികം തുക അനുവദിച്ചു |
| 41 | 3-3 | MGNREGS മെറ്റീരിയൽ വർക്കുകളിലെ അപാകതകൾ |
| 42 | 3-4 | എസ്.സി.വിഭാഗക്കാർക്ക് ഗാർഹിക വാട്ടർ കണക്ഷൻ - യഥാർത്ഥ ചെലവിനേക്കാൾ കൂടുതൽ തുക അനുവദിച്ചുനൽകി |
| 43 | 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 44 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 45 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 46 | 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 47 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 48 | 4-6 | ഓഡിറ്റ് റിക്കവറി |
| 49 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 50 | 4-8 | ചാർജ് / സർചാർജ് നടപടികളുടെ വിവരം |
| 51 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 52 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 53 | അനുബന്ധം.1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 54 | അനുബന്ധം.2 | |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 22.03.2018 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 221460226 | 226969158 |

**ബജറ്റ് തയ്യാറാക്കൽ - നടപടിക്രമങ്ങൾ പാലിച്ചില്ല**

ബജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാ നിർവ്വഹണം തൃപ്തികരമല്ല എന്ന് മിനിറ്റ്സ് പരിശോധനയിൽ വ്യക്തമാകുന്നു. 2018-19 ലെ ബജറ്റ് തയ്യാറാക്കലിൽ നിയമാനുസൃതമുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നോൺപ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ചു ചേർക്കുകയോ, നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി സെക്രട്ടറി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയോ ചെയ്തതിന്റെ വിവരങ്ങൾ മിനിറ്റ്സിലില്ല.
2. അംഗീകരിച്ച വാർഷിക പദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺപ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ചാണ് കരട് ബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തിയിട്ടില്ല.
3. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചതായി കാണുന്നില്ല.
4. പുതിയ നികുതി നിർദ്ദേശങ്ങൾ സംബന്ധിച്ച ചർച്ചകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നടത്തിയിട്ടില്ല.

നിയമാനുസൃത നടപടി ക്രമങ്ങൾ പാലിക്കാതെ ബജറ്റ് തയ്യാറാക്കിയിട്ടുള്ളതിനാൽ ബജറ്റു പ്രകാരം കണക്കാക്കിയിരുന്ന വരവു ചെലവുകളും യഥാർത്ഥ വരവു ചെലവുകളും തമ്മിൽ ഭീമമായ അന്തരം ഉണ്ടായിട്ടുണ്ട്. മുൻ വർഷങ്ങളിലെ വരവു ചെലവുകൾ വിശകലനം ചെയ്ത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ പ്രതീക്ഷിത വരവ് ചെലവുകൾ കണക്കാക്കി ബജറ്റ് തയ്യാറാക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.07.2019 | 26.06.2019 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നം./ തീയതി | പരാമർശം |
|---|---|---|
| 2018-19 | കെ.എസ്.എ-എ.എൽ.പി./പി.12/536/19/26.09.19 | വിശേഷണങ്ങളോടു കൂടിയത് |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4753963 |
| വരവ് | 106537631 |
| ആകെ | 111291594 |
| ചെലവ് | 95547091 |
| നീക്കിയിരിപ്പ് | 15744503 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR) | | 21425365 | 21425365 | 20402555 | 1022810 |
| വികസന ഫണ്ട്-എസ്.സി.പി (ACR) | | 4314000 | 4314000 | 3431810 | 882190 |
| വികസന ഫണ്ട്-ടി.എസ്.പി (ACR) | | 293000 | 293000 | 200000 | 93000 |
| മെയിന്റനൻസ്, റോഡ് (ACR) | | 3592000 | 3592000 | 1740835 | 1851165 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR) | | 4776000 | 4776000 | 3046481 | 1729519 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR) | | 10884000 | 10884000 | 8617713 | 2266287 |
| ജോയിന്റ് വെഞ്ചർ-ബ്ളോക്ക് പഞ്ചായത്ത് | | 3597286 | 3597286 | 3566250 | 31036 |
| ജോയിന്റ് വെഞ്ചർ-ജില്ലാ പഞ്ചായത്ത് | | 3259924 | 3259924 | 2576864 | 683060 |
| ജനറൽ പർപ്പസ് | | 9892901 | 9892901 | 9892901 | 0 |
| സാക്ഷരത | 2142 | 76 | 2218 | 0 | 2218 |
| ദുരിതാശ്വാസനിധി | 66531 | 2359 | 68890 | 0 | 68890 |
| എം.ജി.എൻ.ആർ.ഇ.ജി.എസ്- | 44522 | 685687 | 730209 | 726478 | 3731 |

| | | | | | |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | | | | | |
| ഇ.എഫ്.എം.എസ് | | 140743000 | 140743000 | 140743000 | 0 |
| ബി ഫണ്ട് | | 589920 | 589920 | 589920 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ<br>ICDS | 787582 | 925650 | 1713232 | 1255418 | 457814 |
| SWATCH BHARATH | | 541008 | 541008 | 76 | 540932 |
| TSC | 2181062 | 683253 | 2864315 | 1795954 | 1068361 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ<br>NREGS 100 Days | | 494000 | 494000 | 494000 | 0 |
| തനത് ഫണ്ട്- ട്രഷറി അക്കൗണ്ട് | -766618 | 11230477 | 10463859 | 8171384 | 2292475 |
| തനത് ഫണ്ട്- ബാങ്ക് അക്കൗണ്ട് | 2348692 | 35978001 | 38326693 | 27812400 | 10514293 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 168 | 156680001 | 100 | 79811034 | 22 | 46 | 59.5238 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 44522 | 685687 | 730209 | 726478 | 3731 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 140743000 | 140743000 | 140743000 | 0 |
| ആകെ | 44522 | 141428687 | 141473209 | 141469478 | 3731 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 589920 | 278 |
| കർഷകതൊഴിലാളി പെൻഷൻ | 3908100 | 926 |
| വിധവാ പെൻഷൻ | 3554100 | 880 |
| വാർദ്ധക്യകാല പെൻഷൻ | 7870700 | 2071 |
| വികലാംഗ പെൻഷൻ | 1719900 | 399 |
| വിവാഹധനസഹായം | 510000 | 17 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 375900 | 90 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.09.2019ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12040/- രൂപ ക്യാഷ് ബാലൻസിന്റെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.07.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഏർപ്പെടുത്തിയിട്ടില്ല.
2. ചരക്കുകളുടേയും സേവനങ്ങളുടേയും വാർഷിക വാങ്ങലുകൾക്ക് നിശ്ചിത തുക ബജറ്റിൽ വകയിരുത്തുക മാത്രമാണ് ചെയ്യുന്നത്. വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുന്നില്ല.
3. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല. ഒരു വർഷത്തേക്ക് വേണ്ടതായ സാമഗ്രികളുടേയും ഉപകരണങ്ങളുടേയും ആവശ്യകത നിർണ്ണയിച്ച് വാങ്ങൽ നടപടികൾ കൈക്കൊള്ളുന്നില്ല.
4. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നതല്ലാതെ ഒരോ ഇനത്തിലുള്ള ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരുപ്പ് വിവരം എന്നിവ ലഭ്യമല്ല.
5. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
6. പഞ്ചായത്തിന്റെ വെള്ളക്കരകുടിശ്ശിക 7 കോടി രൂപയ്ക്കുമേൽ ആയിട്ടും പ്രതിമാസ വെള്ളക്കരം കൃത്യമായി ഒടുക്കുന്നതിലും, ഒടുക്കുസംബന്ധമായ രേഖകളും/രജിസ്റ്ററുകളും പരിപാലിക്കുന്നതിലും അധികൃതർ വീഴ്ചവരുത്തുന്നു.
7. ലക്ഷങ്ങൾ മുടക്കി വാങ്ങുന്ന ഇലക്ട്രിക് ഉപകരണങ്ങൾ കരാറുകാർക്ക് കൈമാറുന്നുവെങ്കിലും ആയത് യഥാവിധി സ്ഥാപിക്കപ്പെടുന്നുണ്ടോ എന്നത് പരിശോധിക്കുന്നതിൽ വീഴ്ച വരുത്തുന്നു. ഇതുസംബന്ധമായ രജിസ്റ്ററുകളുടെ പരിപാലനത്തിലും വീഴ്ചയുണ്ട്.
8. ഡെപ്പോസിറ്റ് വർക്കുകൾക്കായി തൻവർഷം വൻതുക ചെലവഴിച്ചിട്ടുണ്ടെങ്കിലും പദ്ധതികൾ യഥാസമയം നിർവ്വഹിക്കപ്പെടുന്നുവെന്നത് ഉറപ്പാക്കുന്നില്ല.
9. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
10. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല.
11. ആസ്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നില്ല.
12. കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.
13. തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.09.2019 | 6/19 മുതൽ 8/19വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.12.15 – 26.12.15 | 2010-11 മുതൽ 14-15 വരെ | 16.03.2016 |

# 1-12 വാർഷിക കണക്കിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം 26.09.2019 ലെ കെ.എസ്.എ-എ.എൽ.പി-പി.12-536/19 നമ്പരായി പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത സാക്ഷ്യപത്രത്തിൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾ വാർഷിക ഓഡിറ്റ് സമയത്തും പരിഹരിക്കപ്പെട്ടിട്ടില്ല. പ്രസ്തുത അപാകതകൾ പരിഹരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

# 1-13 തൊഴിൽ നികുതി ഈടാക്കിയില്ല

പഞ്ചായത്ത് പരിധിയിൽ 4 കള്ളുഷാപ്പുകൾ, 10 റേഷൻ കടകൾ, 10 തദ്ദേശീയരായ കോൺട്രാക്ടർമാർ എന്നിവർ പ്രവർത്തിക്കുന്നതായി പഞ്ചായത്ത് രേഖാമൂലം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്നു കാണുന്നു. പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

<u>സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1. | കെ.എസ്.ഇ.ബി, അമ്പലപ്പുഴ | I & II |
| 2 | ബി.എസ്.എൻ.എൽ, അമ്പലപ്പുഴ | I & II |

തൊഴിൽ നികുതി കൃത്യമായും കാര്യക്ഷമമായും പിരിച്ചെടുക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-14 മൊബൈൽ ടവറുകളുടെ വസ്തുനികുതി - പൂർണ്ണമായും ഈടാക്കിയിട്ടില്ല

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ ഉള്ള താഴെപ്പറയുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി ഇനത്തിൽ 2013-14 മുതൽ കുടിശ്ശിക ഉണ്ട്.

| കെട്ടിട നം./വാർഡ് നം. | ടവറിന്റെ പേര് |
|---|---|
| XVII/462 | BSNL |
| XII/241 | BSNL |

കുടിശ്ശിക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 പഞ്ചായത്ത് ലൈസൻസ് (ഫാക്ടറി/വ്യാപാര/സംരംഭക/സേവനങ്ങൾ) - അപാകങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

<u>ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകൾ, റേഷൻ കടകൾ - ലൈസൻസ് എടുത്തിട്ടില്ല</u>

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകളുടേയും, റേഷൻ കടകളുടേയും വിവരങ്ങളും അവ ലൈസൻസ് എടുത്തിട്ടുണ്ടോ എന്നതും സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 16) സെക്രട്ടറി നൽകിയ മറുപടി പ്രകാരം 4 കള്ളുഷാപ്പുകളും 10 റേഷൻ കടകളും പ്രവർത്തിക്കുന്നുണ്ടെന്നും അവയിൽ ഒന്നും ലൈസൻസ് എടുത്തിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. 1994–ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 232(1) 233(എ) എന്നിവ അനുസരിച്ച് ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി കൈക്കൊള്ളേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ്. പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ വാണിജ്യ സ്ഥാപനങ്ങളും നിയമാനുസൃതം ലൈസൻസ് എടുക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16 ഇ-ടെണ്ടറിംഗിലൂടെ നടപ്പാക്കിയ പ്രവൃത്തികളിൽ നിന്നുള്ള ടെണ്ടർ ഫീസ് ഈടാക്കിയത് തനത്ഫണ്ടിൽ വരവു വെച്ചില്ല

2018-2019 സാമ്പത്തിക വർഷം ഇ-ടെണ്ടർ ചെയ്ത 9 മരാമത്ത് പ്രവർത്തികളുടെ ടെണ്ടർ ഫീസ് ഇനത്തിൽ ലഭിച്ച 27664/- രൂപ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്ക് ഓൺലൈനായി ട്രാൻസ്ഫർ ചെയ്തിരുന്നു. എന്നാൽ ടി തുക നാളിതുവരെ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ തിരികെ ലഭിച്ചിട്ടില്ല. ടെണ്ടർ ഫീസ് ഇനത്തിൽ ലഭിച്ച തുക പഞ്ചായത്തിന്റെ തനതുഫണ്ടിൽ വരവു വെക്കേണ്ടതായതിനാൽ ടി തുക തിരികെ ഈടാക്കി പഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-17 കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് - കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല

കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് ആക്ട്, 1996 പ്രകാരം പ്രവൃത്തികളിൽ കിഴിവ് വരുത്തുന്ന KBOCWF ഇനത്തിലുള്ള തുകയുടെ 1% തുക തദ്ദേശ സ്ഥാപനത്തിന് കളക്ഷൻ ചാർജ്ജായി ലഭിക്കുന്നതാണ്. എന്നാൽ ടി ഇനത്തിലുള്ള കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 6/25.09.19) അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ തൻവർഷം 94573/-രൂപ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതമായി ഒടുക്കിയിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് ഒടുക്കിയ തുകയിൽ നിന്നും കളക്ഷൻ ചാർജ്ജ് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-18 പദ്ധതി നിർവ്വഹണത്തിൽ വീഴ്ച – 78.45 ലക്ഷം ചെലവഴിച്ചില്ല

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് വിവിധ ഇനങ്ങളിലുള്ള പദ്ധതി വിഹിതമായി ആകെ 4.53 കോടി രൂപ ലഭിച്ചിരുന്നു. എന്നാൽ 3.74 കോടി രൂപ മാത്രമാണ് ചെലവഴിച്ചത്. ഏറ്റെടുത്ത പദ്ധതികളിൽ 59.52% മാത്രമാണ് തൻവർഷം പൂർത്തിയാക്കിയത്. തൻമൂലം ബാക്കി 78.45ലക്ഷം രൂപ നഷ്ടമായി. വിശദാംശം ചുവടെ.

| ഇനം | അലോട്ടു ചെയ്ത തുക | ചെലവഴിച്ച തുക | ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട് - പൊതു വിഭാഗം | 21425365 | 20402555 | 1022810 |
| വികസന ഫണ്ട് - SCP | 4314000 | 3431810 | 882190 |
| വികസന ഫണ്ട് - TSP | 293000 | 200000 | 93000 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | 3592000 | 1740835 | 1851165 |
| മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് | 4776000 | 3046481 | 1729519 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 10884000 | 8617713 | 2266287 |
| **ആകെ** | **45284365** | **37439394** | **7844971** |

ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ ലഭ്യമായ തുക യഥാസമയം ചെലവഴിക്കാൻ കഴിയാതിരുന്നത് തീർത്തും നിരാശാജനകമാണ്. വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

# 1-19 റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാതെയുള്ള റോഡ് വികസന പ്രവർത്തനങ്ങൾ ലക്ഷ്യം കൈവരിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 169 പട്ടിക 3 പ്രകാരം ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നതാണ് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ ഉത്തരവാദിത്വം. എന്നാൽ ഇപ്രകാരം പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്റ്റിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 04.02.2011-ലെ <u>സ.ഉ(എം.എസ്)</u> 31/2011/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല. നടപ്പാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ആസ്തി രജിസ്റ്ററും, റോഡ് രജിസ്റ്ററും കൃത്യമായി പരിപാലിക്കുന്നതിലും ഗ്രാമ പഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുള്ളതായി കാണുന്നു. ഇപ്രകാരം ആസ്തി രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തതിനാലും കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാത്തതിനാലും ഓരോ വർഷവും ഗ്രാമപഞ്ചായത്ത് നടപ്പാക്കുന്ന റോഡുവർക്കുകളുടെ കൃത്യമായ വിവരം ബന്ധപ്പെട്ട സ്ഥാപനത്തിൽ ലഭ്യമല്ലാത്ത അവസ്ഥ സംജാതമാകുന്നു. കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിൽ തുടങ്ങുന്നതും അവസാനിക്കുന്നതുമായ റോഡുകൾ, ഗ്രാമപഞ്ചായത്തിലൂടെ കടന്നു പോകുന്ന ബ്ലോക്ക്, ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകൾ എന്നിവ വ്യക്തമായി തിരിച്ചറിയാൻ കഴിയാതെയും വരുന്നു. ഇത് ആസൂത്രണത്തിലും നിർവ്വഹണത്തിലും അപാകങ്ങൾക്ക് കാരണമാകുന്നു. ഇതോടൊപ്പം ഗ്രാമപഞ്ചായത്തുകളിൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന വർക്കുകളുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താതെ/ അപ്ഡേറ്റ് ചെയ്യപ്പെടാതെയും പോകുന്നു. ഗ്രാമപഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട റോഡുകളുടെ നിർമ്മാണ/പരിപാലന പ്രവർത്തനങ്ങൾ പൂർണ്ണമായി ഏറ്റെടുക്കാതെ റോഡിന്റെ വിവിധ ഭാഗങ്ങൾ വ്യത്യസ്ത വർഷങ്ങളിൽ ഏറ്റെടുത്ത് നടപ്പാക്കുന്ന പ്രവണതയാണ് തുടർന്നു പോരുന്നത്. ഇപ്രകാരം നടപ്പാക്കുന്ന പ്രവർത്തികളിൽ ചെയിനേജുകൾ രേഖപ്പെടുത്താതെ പ്രവൃത്തി തുടങ്ങുന്നതും അവസാനിക്കുന്നതുമായ സ്ഥലങ്ങളെ അടിസ്ഥാനപ്പെടുത്തി റോഡിന് പേരു നൽകുകയും ചെലവു പത്രികയിൽ ഇതു പ്രകാരമുള്ള രേഖപ്പെടുത്തലുകൾ വരുത്തുകയുമാണ് ചെയ്യുന്നത്. ഇത് മൂലം ഓരോ വർഷവും നടപ്പാക്കുന്ന വർക്കുകളുടെ വിശദാംശങ്ങൾ ആസ്തി രജിസ്റ്ററിൽ അപ്ഡേറ്റ് ചെയ്യപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പാക്കാൻ കഴിയാതെ വരുന്നു.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പുകളിലോ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലോ ഇതുമായി ബന്ധപ്പെട്ട ആവശ്യമുന്നയിക്കുകയോ, ചർച്ചകൾ നടത്തുകയോ ചെയ്തിട്ടില്ല. റോഡ് നിർമ്മാണ/മെയിന്റനൻസ് പ്രവൃത്തികൾ

നടപ്പാക്കുന്നത് കണക്ടിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആയിരിക്കേണ്ടതാണ്. ടി വിഷയത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

# 1-20 ഗുണഭോക്തൃകമ്മിറ്റികൾ വഴി നടപ്പിലാക്കിയ ചില പ്രവൃത്തികളിൽ ഓവർഹെഡ് ചാർജ്ജിനത്തിൽ കൺവീനർമാർക്ക് അധിക തുക നൽകി

സർക്കാർ ഉത്തരവ് നം. 30/2016/ധനം തീയതി:29.02.2016 പ്രകാരം ഗുണഭോക്തൃകമ്മിറ്റികൾ വഴി നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ്ജ് നൽകാമെന്നും ടി പ്രവൃത്തികൾക്ക് ആവശ്യമായ നികുതികൾ ടി ഗുണഭോക്തൃകമ്മിറ്റികളിൽ നിന്നും ഈടാക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. 01.07.2017 മുതൽ വാറ്റിനു പകരം ജി.എസ്.ടി നിലവിൽ വന്നതിനാൽ വാറ്റ് ഒടുക്കേണ്ടതില്ലെന്നും പ്രസ്തുത വാറ്റിനത്തിലുള്ള 5% തുക കുറവ് ചെയ്ത് ബിൽ നൽകിയാൽ മതിയാകുന്നതാണെന്നും 16.03.2018-ലെ ഡി.ബി.3/9058/17/സിഇ/തസ്വഭവ കത്ത് പ്രകാരം തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഗുണഭോക്തൃകമ്മിറ്റികൾ വഴി നടപ്പിലാക്കിയ ചില പ്രവൃത്തികളിൽ ഓവർഹെഡ് ചാർജ്ജിനത്തിൽ 10% വർദ്ധനയാണ് നൽകിയിട്ടുള്ളത്. പ്രൈസ് ലിസ്റ്റ് പ്രകാരം തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിൽ 10% ഓവർഹെഡ് ചാർജ്ജാണ് അനുവദിച്ചിരുന്നത്. ഇതിൽ നിന്നും 2.5% കുറവ് വരുത്താതെ ബിൽ തയ്യാറാക്കിയതു മൂലവും, വാറ്റിനത്തിലുള്ള 5% കിഴിവ് ബില്ലിൽ വരുത്താതിരുന്നതു മൂലവും കൺവീനർമാർക്ക് അധിക തുക നൽകി. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് വിശദവിവരം | അർഹമായ പ്രവൃത്തി മൂല്യം (ഒ.എച്ച് 7.5% ഉൾപ്പെടുത്തിയാൽ വരുന്നത്) | 5% വാറ്റ് കിഴിവ് വരുത്തിയതിനു ശേഷമുള്ള തുക | ആകെ ചെലവഴിക്കാവുന്ന തുക | അധികം ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | കരൂർ സ്കൂൾ- ബാലൻ വസതി വരെ റോഡ് കോൺക്രീറ്റിംഗ് - 130/19<br>കൺവീനർ - ബിനുമോൻ.എൻ<br>എം.ബുക്ക് - 135/17<br>പ്രവൃത്തി മൂല്യം - 326452/- (OH-10% ഉൾപ്പെടെ)<br>ബിൽ നം. 13/31.05.18- 326452/- | 319033/- | 303081<br>(319033- 15952) | 303081 | 23371 |
| 2 | ആനച്ചിറ അയ്യന്റെ പറമ്പ് റോഡ് കോൺക്രീറ്റിംഗ് - 148/19<br>കൺവീനർ - രഞ്ജിത<br>എം.ബുക്ക് - 38/18-19<br>പ്രവൃത്തി മൂല്യം - 49023/-(OH-7.5%)<br>ബിൽ നം. 35/13.03.19- 49023/- | 49023/- | 46572<br>(49023- 2451) | 46572 | 2451 |
| 3 | കുടുംബിക്കാട് കോളനി റോഡ് കോൺക്രീറ്റിംഗ്-121/19<br>കൺവീനർ - അനിൽകുമാർ<br>എം.ബുക്ക് - 151/17-18<br>പ്രവൃത്തി മൂല്യം - 41762/-(OH-7.5%)<br>ബിൽ നം. 3/31.5.18- 41762/- | 41762 | 39674<br>(41762-2088) | 39674 | 2088 |
| 4 | ആനന്ദേശ്വരം ഇല്ലിച്ചിറ റോഡ് മെയിന്റനൻസ്-175/19<br>കൺവീനർ - രംജിഷ് | 49946 | 47449<br>(49946-2497) | 47449 | 2497 |

| | | | | | |
|---|---|---|---|---|---|
| | എം. ബുക്ക് - 132/17<br>പ്രവൃത്തി മൂല്യം - 49946/-(OH-7.5%)<br>ബിൽ നം. 22,23/19.3.19- 49946/- | | | | |
| | ആകെ | | | | 30407 |

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 7/26.9.19) നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ അപാകത ബോധ്യപ്പെട്ടതായും അധികം നൽകിയ തുക കൺവീനർമാരിൽ നിന്നും തിരികെ ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അധികം ചെലവഴിച്ച 30407/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക തിരികെ ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-21 വീട് വാസയോഗ്യമാക്കൽ അധികം തുക അനുവദിച്ചു

വി.ഇ.ഒ. പുറക്കാട് നിർവ്വഹണം നടത്തിയ വീട് വാസയോഗ്യമാക്കൽ (എസ്.സി.) എന്ന പ്രോജക്ട് (പ്രോജക്ട് നം. S098/19) 14 പേർക്ക് 50000 രൂപ വീതം നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ ശ്രീ.ഭദ്രൻ, കൊച്ചുതറ എന്നയാൾ സമർപ്പിച്ച അപേക്ഷയിൽ ചേർത്തിട്ടുള്ള മൂല്യനിർണ്ണയത്തിൽ 50001/- രൂപയുടെ മൂല്യനിർണ്ണയം മാത്രമാണ് ഉള്ളതെങ്കിലും ഇദ്ദേഹത്തിന് 75000/-രൂപ ആനുകൂല്യം നൽകി. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ബിൽ നം./തീയതി/തുക | ശ്രീ.ഭദ്രന നൽകിയത് |
|---|---|---|
| 1 | 14 /24-11-2018 /125000 | 25000 |
| 2 | 19 / 28-12-2018 / 125000 | 25000 |
| 3 | 21 / 18-1/ 2019 /100000 | 25000 |
| | ആകെ | 75000 |

ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/27.09.2019) ശ്രീ.ഭദ്രൻ, കൊച്ചുതറയ്ക്ക് അധികം നൽകിയ 25000/- രൂപ തിരിച്ചടക്കണമെന്ന് കാണിച്ച് അദ്ദേഹത്തിന് കത്ത് നൽകിയിട്ടുണ്ടെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്. 25000/- രൂപ അധികം നൽകിയിട്ടുള്ളതിനാൽ ഈ തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നു.

## 1-22 MGNREGS മെറ്റീരിയൽ വർക്കുകളിലെ അപാകതകൾ

2018/19 വർഷം MGNREGS വഴി നടപ്പാക്കിയ മെറ്റീരിയൽ വർക്കുകളുമായി ബന്ധപ്പെട്ട് ചില അപാകതകൾ കാണുന്നു.

1. ദേശീയ തൊഴിലുറപ്പ പദ്ധതിയിലെ പ്രവൃത്തികൾക്കായി മെറ്റീരിയൽസ് വാങ്ങിയതിന് 3 കരാറുകാർക്ക് 2801272/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ചരക്കുസേവന നികുതിയായി ഉറവിടത്തിൽ നിന്നും പിടിക്കേണ്ട തുക പിടിക്കാതെയാണ് കരാറുകാർക്ക് തുക നൽകിയിട്ടുള്ളത്. തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 29.09.2018-ലെ 2026/ഇ.ജി.എസ്.എഫ്/18/ആർ.ഇ.ജി.എസ് നം. സർക്കുലർ പ്രകാരം 2% ജി.എസ്.റ്റി ഇവരിൽ നിന്നും കുറവു ചെയ്യേണ്ടതായിരുന്നെങ്കിലും അതു ചെയ്യാതിരുന്നതു മൂലം അധികം തുകയാണ് ഫലത്തിൽ കരാറുകാർക്ക് നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | സപ്ലൈയർ | കരാർ തുക | ബിൽ തുക |
|---|---|---|---|---|
| 1 | കുടംബിക്കാട് ക്ഷേത്രപരിസരം നടപ്പാത നിർമ്മാണം ഘട്ടം 1 | ശ്രീ.ഗ്രിഗറി | 262005/- | 262005/- |
| 2 | കുട്ടംബിക്കാട് ക്ഷേത്ര പരിസരം നടപ്പാത നിർമ്മാണം ഘട്ടം 2 | ശ്രീ.ഗ്രിഗറി | 263336/- | 263336/- |
| 3 | T.S കനാൽ ഷാപ്പിൽ നടപ്പാത നിർമ്മാണം ഘട്ടം 1 | ശ്രീ.ഗ്രിഗറി | 408734/- | 408733/- |
| 4 | T.S കനാൽ ഷാപ്പിൽ നടപ്പാത നിർമ്മാണം ഘട്ടം 2 | ശ്രീ.ഗ്രിഗറി | 408734/- | 408663/- |
| 5 | എൻ.എച്ച്.മണ്ണെണ്ണപമ്പ് നടപ്പാത നിർമ്മാണം | ശ്രീ.ഗ്രിഗറി | 134435/- | 87003/- |
| 6 | പുത്തൻപറമ്പ് ടവർറോഡ് നിർമ്മാണം | ശ്രീ.ഗ്രിഗറി | 251993/- | 219802/- |
| 7 | വാർഡ് 14 ഗ്രാവൽ റോഡ് നിർമ്മാണം | ശ്രീ.സജിമോൻ.ആർ | 348307/- | 286498/- |
| 8 | പാട്ടത്തിൽ ആട്ടക്കാരുപറമ്പിൽ നടപ്പാത നിർമ്മാണം | ശ്രീ.നജീബ് മുഹമ്മദ് അലി | 315035/- | 201324/- |
| 9 | നാഗമംഗലം എസ്.സി കോളനി നവീകരണം ഘട്ടം 1 | ശ്രീ.നജീബ് മുഹമ്മദ് അലി | 283125/- | 274120/- |
| 10 | നാഗമംഗലം എസ്.സി കോളനി നവീകരണം ഘട്ടം 2 | ശ്രീ.നജീബ് മുഹമ്മദ് അലി | 392702/- | 389788/- |
| | | | | 2801272 |

2. താഴെ പറയുന്ന വർക്കുകൾക്കായി കരാറുകാർ മെറ്റീരിയൽസ് സപ്ലൈ ചെയ്തപ്പോൾ സപ്ലൈ ചെയ്ത ഓരോ ഇനങ്ങൾക്കും മൂല്യം നിർണ്ണയിച്ച് നൽകിയതിനു പുറമെ sundries എന്ന പേരിൽ തുക അനുവദിച്ചതായി കാണുന്നു. മെറ്റീരിയൽസിന്റെ യഥാർത്ഥ വിലയാണ് കരാറുകാരന് നൽകിയിട്ടുള്ളത്. ഇതിനു പുറമെ sundries എന്ന പേരിൽ തുക അനുവദിച്ചത് ശരിയല്ല വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വർക്കിന്റെ പേര് | കരാറുകാരന്റെ പേര് | sundries എന്ന പേരിൽ അനുവദിച്ച തുക | അളവ് പുസ്തകം |
|---|---|---|---|---|
| 1 | കുടുംബിക്കാട് ക്ഷേത്ര പരിസരം നടപ്പാത നിർമ്മാണം ഘട്ടം 1 | ശ്രീ.ഗ്രിഗറി | 1005.27 | 19 /18-19 |
| 2 | കുടുംബിക്കാട് ക്ഷേത്ര പരിസരം നടപ്പാത നിർമ്മാണം ഘട്ടം 2 | ശ്രീ.ഗ്രിഗറി | 1011.16 | 18 /18-19 |
| 3 | T.S കനാൽ ഷാപ്പിൽ നടപ്പാത നിർമ്മാണം ഘട്ടം 1 | ശ്രീ.ഗ്രിഗറി | 1569.22 | 21 /18-19 |
| 4 | വാർഡ് 14 ഗ്രാവൽ റോഡ് നിർമ്മാണം | ശ്രീ.സജിമോൻ | 74.84 | 15 /18-19 |
| 5 | പാട്ടത്തിൽ ആട്ടക്കാരു പറമ്പിൽ നടപ്പാത നിർമ്മാണം | ശ്രീ.നജീബ് മുഹമ്മദ് അലി | 5055.93 | 16 /18-19 |
| 6 | T.S കനാൽ ഷാപ്പിൽ നടപ്പാത നിർമ്മാണം ഘട്ടം 2 | ശ്രീ.ഗ്രിഗറി | 1569.22 | 22 /18-19 |
| | ആകെ | | 10285.64 | |

അധികം നൽകിയ 10286/- രൂപ കരാറുകാരിൽ നിന്നും തിരികെ ഈടാക്കി എം.ജി.എൻ.ആർ.ഇ.ജി.എസ്.ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-23 നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരിൽനിന്നും നിയമാനുസൃത പിഴ ഈടാക്കാത്തതു മൂലം അധികച്ചെലവ്

2012 - ലെ പി.ഡബ്ല്യു.ഡി. മാന്വൽ സെക്ഷൻ 2112-1 പ്രകാരം കരാർ പ്രവൃത്തി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്തപക്ഷം നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിക്കുമുൻപ് തന്നെ കരാറുകാരൻ രേഖാമൂലം കാലദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ പരിശോധിച്ച് തക്കതായ കാരണമുള്ളപക്ഷം സമയം ദീർഘിപ്പിക്കാവുന്നതുമാകുന്നു. ഇത് ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% അധികരിക്കാൻ പാടില്ല. ഇപ്രകാരം കാലാവധിയുടെ 50% വരെ പരമാവധി സമയം ദീർഘിപ്പിച്ച നൽകാവുന്നതാണ്. ഇത് ആദ്യ തവണ പി.എ.സി യുടെ 1% നിരക്കിലും (കുറഞ്ഞത് 1,000/-രൂപ പരമാവധി 50,000/-രൂപ) രണ്ടാം തവണ പി.എ.സി യുടെ 2% നിരക്കിലും (കുറഞ്ഞത് 2,000/-രൂപ പരമാവധി 1,00,000/-രൂപ) പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമക്കേണ്ടതാണ്. അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ /ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധികകാലത്തിന് പ്രതിവാരം PAC യുടെ 0.1% നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷനും ഈടാക്കേണ്ടതാണ്. എന്നാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്ന താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരനിൽനിന്നും നിയമാനുസൃത നിരക്കിലുള്ള പിഴ ഈടാക്കാതെ ഫൈനൽ ബിൽ തുക നൽകിയതുവഴി കരാറുകാരന് അധിക തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിലുൾപ്പെടുത്തി ടെണ്ടർ ക്ഷണിച്ച പഞ്ചായത്ത് ഓഫീസിന്റെ മേൽക്കൂര നിർമ്മാണവും അനുബന്ധ പ്രവർത്തനങ്ങളും - രണ്ടാം ഘട്ടം എന്ന പ്രവൃത്തിയുടെ ടെണ്ടർ ഏറ്റെടുത്ത ശ്രീ.ജി.ഗംഗാദത്തൻ 15.01.2018 ൽ കരാർ ചമച്ച് പ്രവൃത്തിയുടെ നിർവ്വഹണം ഏറ്റെടുത്തിരുന്നു. ടെണ്ടർ നിബന്ധന പ്രകാരം പ്രവൃത്തി പൂർത്തീകരണത്തിന് അനുവദിച്ചിരുന്ന കാലയളവ് 4 മാസമാണ്. ഇത് പ്രകാരം 15.05.2018

നള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചതായി എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള തീയതി 27.10.2018 ആണ്.

ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ 12.05.2018-ൽ കരാറുകാരന് നൽകിയിട്ടുള്ള കത്തിൽ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 15.05.2018 ൽ അവസാനിക്കുന്നതാണെന്നും ആയതിനാൽ കാലാവധി നീട്ടുന്നതിനുള്ള അപേക്ഷ സമർപ്പിക്കുവാനും ആവശ്യപ്പെട്ടിട്ടുള്ളതായി കാണുന്നു. നിയമപരമായി പ്രവൃത്തി പൂർത്തീകരണത്തിന് കാലപരിധി ദീർഘിപ്പിക്കുന്നതിനായി കരാറുകാരൻ രേഖാമൂലം അപേക്ഷ നൽകേണ്ടതും ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ ആയത് പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കി ഭരണസമിതിയ്ക്ക് നൽകേണ്ടതുമാണ്. എന്നാൽ ഇവിടെ കരാറുകാരന്റെ അപേക്ഷയോ, അസിസ്റ്റന്റ് എഞ്ചിനീയറുടെ പരിശോധനാ റിപ്പോർട്ടോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. 06.09.2018 ലെ 2(6) പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം ശക്തമായ കാലവർഷം മൂലം പ്രവൃത്തി കരാർ സമയത്ത് പൂർത്തിയാക്കുവാൻ സാധിക്കാത്തതിനാൽ 2018 ഒക്ടോബർ വരെ കാലപരിധി നീട്ടി നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. കരാർ പ്രകാരം പ്രസ്തുത പ്രവൃത്തി 15.5.2018 നള്ളിൽ പൂർത്തീകരിക്കേണ്ടതായിരുന്നു എന്നതിനാൽ കാലവർഷം ഒരു തടസ്സകാരണമായി കണക്കാക്കാൻ കഴിയില്ല. മാത്രമല്ല ടാറിംഗ് ഉൾപ്പെടെയുള്ള പല റോഡ് പ്രവൃത്തികളും ടി കാലയളവിൽ തന്നെ പൂർത്തീകരിച്ചിട്ടുമുണ്ട്. പ്രവൃത്തി പൂർത്തീകരണ കാലപരിധി ദീർഘിപ്പിക്കുന്നതിനുള്ള നിയമപരമായ നടപടിക്രമങ്ങളൊന്നും പാലിക്കാതെ (കരാറുകാരന്റെ അപേക്ഷ, അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട്, സപ്ലിമെന്ററി എഗ്രിമെന്റ് എന്നിവയൊന്നുമില്ലാതെ) കരാറുകാരന് കാലപരിധി നീട്ടി നൽകിയത് ക്രമാനുസൃതമല്ല.

ഈടാക്കേണ്ട പിഴത്തുകയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

പരമാവധി ദീർഘിപ്പിച്ച നൽകാവുന്ന കാലയളവ് - യഥാർത്ഥ കാലയളവിന്റെ 50% (2 മാസം)15.7.2018 വരെ (എഗ്രീഡ് പി.എ.സി യുടെ 3% നിരക്കിൽ)

1499174 x 3% = 44975/- രൂപ

കോമ്പൻസേഷൻ - 16.07.2018 മുതൽ 27.10.2018 വരെ (14 ആഴ്ച) - 14 x 0.1%= 1.4%

1499174x1.4% = 20988/- രൂപ

ആകെ = 65963/- രൂപ

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 11/27.9.19) നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ നിയമ പ്രകാരം ഈടാക്കേണ്ട പിഴ കരാറുകാരിൽ നിന്നും തിരികെ ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പിഴ ഇനത്തിൽ ഈടാക്കേണ്ട 65963/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

<u>അനുബന്ധ വിവരങ്ങൾ</u>

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ | 181/18 |
| കരാറുകാരൻ | ശ്രീ.ജി.ഗംഗാദത്തൻ |
| കരാർ തീയതി | 15.01.2018 |
| എഗ്രീഡ് പി.എ.സി | 1499174/- |
| പ്രവൃത്തിമൂല്യം | 1495547/- |
| തൻവർഷത്തെ ചെലവ് | 915356/21.1.19 - 956944/-<br>915357/21.1.19 - 39872/- |

# 1-24 എസ്.സി.വിഭാഗക്കാർക്ക് ഗാർഹിക വാട്ടർ കണക്ഷൻ - യഥാർത്ഥചെലവിനേക്കാൾ കൂടുതൽ തുക അനുവദിച്ചുനൽകി

2018-19 സാമ്പത്തിക വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടാണ്

എസ്.സി.വിഭാഗക്കാർക്ക് ഗാർഹിക വാട്ടർ കണക്ഷൻ (പ്രോജക്ട് നം. S0127/19). ഫണ്ടിന്റെ വകയിരുത്തൽ ചുവടെ ചേർക്കുന്നു.

വികസനഫണ്ട് (എസ്.സി.പി) - 107500

തനത് ഫണ്ട് - 5000

ആകെ അടങ്കൽ - 112500/-

<u>ചെലവ് വിവരം</u>

| ബിൽ നം./തീയതി | തുക |
|---|---|
| 3/18-19/24.07.2018 | 15000/- |
| 4/18-19/30.07.2018 | 22500/- |
| 5/18-19/30.08.2018 | 15000/- |
| 7/18-19/12.10.2018 | 7500/- |
| 19/18-19/21.01.2019 | 7500/- |
| ആകെ | 67500/- |

ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട 9 എസ്.സി. ഗുണഭോക്താക്കൾക്ക് 7500/- രൂപ വീതം പദ്ധതിവിഹിതത്തിൽ നിന്നും ആനുകൂല്യം നൽകി. സ.ഉ.(കൈ) നം. 22/2018/ത.സ്വ.ഭ.വ/തീയതി.14.2.18 പ്രകാരം, പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവർക്ക് തദ്ദേശ സ്ഥാപന പദ്ധതിയിൽ നിന്നും കുടിവെള്ള ഗാർഹിക കണക്ഷനായി യഥാർത്ഥ ചെലവ് അനുവദിച്ച് നൽകാവുന്നതാണ്. പ്രോജക്ട് നടപ്പിലാക്കിയതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1) താഴെ ചേർത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് ചെലവഴിച്ച തുകയേക്കാൾ അധികം തുക അനുവദിച്ചുനൽകി.

| ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക | ഹാജരാക്കിയ രേഖകൾ പ്രകാരമുള്ള യഥാർത്ഥ ചെലവ് | കൂടുതൽ അനുവദിച്ച തുക |
|---|---|---|---|
| കുഞ്ഞുമോൾ.കെ | 7500 | 6500 | 1000 |
| സി.വി.സുരേഷ് | 7500 | 6500 | 1000 |
| ജി.വിജയമ്മ | 7500 | 7000 | 500 |
| ആകെ | | | 2500 |

2) ഹാജരാക്കിയ ഫയലിൽ പ്ലംബിംഗ് ലൈസൻസി സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള എസ്റ്റിമേറ്റിനോടൊപ്പം, 9 ഗുണഭോക്താക്കളും വാട്ടർ അതോറിറ്റിയിൽ കണക്ഷൻ ഫീസ് അടവാക്കിയതിന്റെ ബില്ല് മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പൈപ്പ്, അനുബന്ധ സാമഗ്രികൾ എന്നിവ വാങ്ങിയതിന്റെ അനുബന്ധ ബില്ലുകൾ ഹാജരാക്കിയിട്ടില്ല. ഗുണഭോക്താക്കൾ കുടിവെള്ള കണക്ഷൻ എടുത്തതിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

3) ഹാജരാക്കിയ ചെലവ് കണക്ക് പ്രകാരം, കണക്ഷൻ ഫീസിനത്തിൽ 9 ഗുണഭോക്താക്കളും വാട്ടർ അതോറിറ്റിയിൽ 560/-രൂപ അടവാക്കിയതായി എസ്റ്റിമേറ്റിൽ ചെലവ് കാണിച്ചിരിക്കുന്നു. എന്നാൽ 5 ഗുണഭോക്താക്കൾ 310/-രൂപ മാത്രമാണ് പ്രസ്തുതയിനത്തിൽ ചെലവഴിച്ചിട്ടുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | അടവാക്കിയ തുക | രശീതി നം./ തീയതി | ചെലവ് രേഖ പ്രകാരം അധികം കൈപ്പറ്റിയ തുക |
|---|---|---|---|
| ജി.വിജയമ്മ | 310 | HA 63631/13.4.18 | 250 |
| വിജയമ്മ | 310 | HA 63651/13.4.18 | 250 |
| കുഞ്ഞുമോൾ.കെ | 310 | HA 63885/18.4.18 | 250 |
| ശാന്തമ്മ | 310 | HA 64932/14.5.18 | 250 |
| അനിൽകുമാർ | 310 | HA 70568/5.11.18 | 250 |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 28.09.2019 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17), അധികമായി നൽകിയ 2500/-രൂപയും, ക്രമ നം.3 പ്രകാരമുള്ള 1250/-രൂപയും ചേർത്ത് ആകെ തുക ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ഗുണഭോക്താക്കൾ പൈപ്പ് ലൈൻ വലിക്കുന്നതിനുള്ള സാധന സാമഗ്രികൾ നേരിട്ട് വാങ്ങാറില്ലെന്നും കരാറുകാർ ഇവ ഏതെങ്കിലും സാനിട്ടറി കടയിൽ നിന്നും ബൾക്കായി വാങ്ങിയാണ് ഓരോ ഗുണഭോക്താവിനും പൈപ്പ് ലൈൻ കണക്ഷൻ നൽകുന്നത് എന്നും മറുപടിയിലുണ്ട്. ഭാവിയിൽ ഇത്തരം പ്രോജക്റ്റുകൾ നടപ്പിലാക്കുമ്പോൾ സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശിക്കുന്ന പ്രകാരമുള്ള ബില്ലുകളും അനുബന്ധരേഖകളും ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമേ യഥാർത്ഥ ചെലവ് അനുവദിച്ച നൽകാവൂ എന്ന് നിർദ്ദേശിക്കുന്നതോടൊപ്പം അധികം ചെലവഴിച്ച 3750/-രൂപ (2500+1250) ഓഡിറ്റിൽ നിരാകരിക്കുന്നു.

# 1-25 സ്ട്രീറ്റ് ലൈറ്റുമായി ബന്ധപ്പെട്ട് നടപ്പാക്കിയ പ്രോജക്ടുകൾ കാര്യക്ഷമമല്ല

2018/19 വർഷം സ്ട്രീറ്റ് ലൈറ്റുമായി ബന്ധപ്പെട്ട് 3 പ്രോജക്റ്റുകളാണ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയിട്ടുള്ളത്. എന്നാൽ ഇവ കാര്യക്ഷമമായ രീതിയിലല്ല നടപ്പാക്കിയിട്ടുള്ളത്.

1. ഡബിൾ ട്യൂബ് സെറ്റ്, സിംഗിൾ ട്യൂബ് സെറ്റ് അനുബന്ധ ഉപകരണങ്ങൾ വാങ്ങിക്കൽ. പ്രോജക്റ്റ് നം. S 162/19

2017/18 വർഷം S 095/18 ആയി ആരംഭിച്ച ഈ പ്രോജക്റ്റിന് 2017/18 വർഷം 47935/- രൂപ ചെലവ് ചെയ്യുകയും ബാക്കി 320665/- രൂപ ഈ വർഷം സ്പിൽ ഓവർ പ്രോജക്റ്റായി അനുവാദം നൽകി വകയിരുത്തുകയും ബിൽ നം.17/23-11-2018 പ്രകാരം 302644/-രൂപ പിൻവലിച്ച് ചുവടെ പറയുന്ന സാധനസാമഗ്രികളുടെ വിലയായി എഡിസൺ ഇലക്ട്രോണിക്സ് എന്ന സ്ഥാപനത്തിന് നൽകുകയുമുണ്ടായി.

| ക്രമ നം. | വാങ്ങിയ സാധനങ്ങൾ | സ്റ്റോക്കിലെ രേഖപ്പെടുത്തലുകൾ |
|---|---|---|
| 1 | ഡബിൾ ട്യൂബ്സെറ്റ് 90 എണ്ണം | 18 വാർഡുകളിലേക്ക് 5 എണ്ണം വീതം നൽകി |
| 2 | സിംഗിൾ ട്യൂബ്സെറ്റ് 180 എണ്ണം | 18 വാർഡുകളിലേക്ക് 10 എണ്ണം വീതം നൽകി |
| 3 | ട്യൂബ് 1350 എണ്ണം | 18 വാർഡുകളിലേക്ക് 75എണ്ണം വീതം നൽകി |
| 4 | കോപ്പർ ബാലസ്റ്റ് 1800 എണ്ണം | സ്റ്റോക്കിൽ ചേർത്തിട്ടില്ല. വിതരണവിവരങ്ങൾ കാണിച്ചിട്ടില്ല. |
| 5 | സ്റ്റാർട്ടർ 1500 എണ്ണം | 18 വാർഡുകളിലേക്ക് 80 എണ്ണം വീതം നൽകി (1440) |
| 6 | ഹോൾഡർ 1800 എണ്ണം | 18 വാർഡുകളിലേക്ക് 80 എണ്ണം വീതം നൽകി (1440) |
| 7 | ബെന്റ് പൈപ്പ്, ക്ലാമ്പ് തുടങ്ങിയവ 400 എണ്ണം | വിതരണവിവരങ്ങൾ കാണിച്ചിട്ടില്ല |
| 8 | അലുമിനിയം 36 വയർ കോയിൽ | വിതരണവിവരങ്ങൾ കാണിച്ചിട്ടില്ല |

മെമ്പർമാർക്ക് ഒരേ എണ്ണം വസ്തുക്കളാണ് വിതരണം ചെയ്തതായി കാണിച്ചിട്ടുള്ളത്. എന്നാൽ ഭൂരിഭാഗം മെമ്പർമാരും ഇതു കൈപ്പറ്റിയതായി കാണുന്നില്ല. അതുപോലെ അലുമിനിയം വയർ, ബെന്റ് പൈപ്പ്, ക്ലാമ്പ് തുടങ്ങിയവയുടെ വിനിയോഗ വിവരം കാണിച്ചിട്ടില്ല. സ്റ്റാർട്ടർ, ഹോൾഡർ തുടങ്ങിയവ മിച്ചം ഉള്ളതായി സ്റ്റോക്ക് രജിസ്റ്റർ പ്രകാരം കാണുന്നു. ഇവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ശരിയായ രീതിയിൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ 302644/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**2. 18 വാർഡുകളിൽ LED ബൾബ് സ്ഥാപിക്കുക പ്രോജക്റ്റ് നം. S 122/19**

2016/17 – ൽ S 064/17 നമ്പർ ആയി ആരംഭിച്ച പ്രോജക്ടാണിത്. പ്രോജക്ടിനായി 06.07.2017-ൽ ചേർന്ന പഞ്ചായത്ത് കമ്മറ്റിയുടെ 2(1) നിശ്ചയപ്രകാരം സെൻട്രിനോ എഞ്ചിനീയറിംഗ് കോൺട്രാക്ടേഴ്സ് & അഡ്വൈസേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ 100 LED ബൾബുകൾക്കും ഉപകരണങ്ങൾക്കുമായി 4,20,000/-രൂപയും ഡബിൾ ട്യൂബ് സെറ്റ്, സിംഗിൾ ട്യൂബ് സെറ്റ്, ചോക്ക്, സ്റ്റാർട്ടർ തുടങ്ങിയവ ഒരു യൂണിറ്റിന് 6600/-രൂപയും ഉൾപ്പെടെ 4,26,600/-രൂപയുടെ ടെൻഡർ അംഗീകരിച്ചു. ആവർഷ പ്രോജക്ടിൽ എത്ര രൂപ വകയിരുത്തിയിരുന്നെന്നോ എന്തെല്ലാം സാധനങ്ങൾ വാങ്ങാൻ നിശ്ചയിച്ചിരുന്നെന്നോ ഉള്ള രേഖകൾ ഹാജരാക്കിയില്ല. എന്നാൽ ആ വർഷം 100 LED ബൾബുകൾ, 1350 ട്യൂബുകൾ, 500 ചോക്കുകൾ, 500 സ്റ്റാർട്ടറുകൾ, 400 സൈഡ് ഹോൾഡറുകൾ, 56 ഡബിൾ ട്യൂബ് സെറ്റുകൾ എന്നിവ വാങ്ങിയതായാണ് ഫയലിൽ കാണുന്നത്. ഇതുമായി ബന്ധപ്പെട്ടുള്ള സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചപ്പോൾ 100 LED ബൾബുകൾ 18 വാർഡുകളിലായി 18 എണ്ണം വീതം നൽകിയതായി തെറ്റായി രേഖപ്പെടുത്തിയതായും (18x18 = 324) മറ്റുള്ളവയിൽ ചോക്ക്, സ്റ്റാർട്ടർ എന്നിവ 14 എണ്ണം വീതവും, സൈഡ് ഹോൾഡർ 4 എണ്ണവും വിതരണം ചെയ്യാനുള്ളതായുമാണ് കാണുന്നത്. അതുപോലെ 56 ഡബിൾ ട്യൂബ് സെറ്റ് സ്റ്റോക്കിലെടുക്കുകയോ വിതരണം ചെയ്യുകയോ ചെയ്തതായി കാണുന്നില്ല. മുൻവർഷം ലഭിച്ചെന്നു പറയുന്ന ഈ 56 ഡബിൾ ട്യൂബ് സെറ്റിനാണ് ഈ വർഷം ബിൽ നം. 19/17-12-2018 പ്രകാരം 182560/- രൂപ പിൻവലിച്ച് സെൻട്രിനോ എഞ്ചിനീയറിംഗ് കോൺട്രാക്ടേഴ്സ് & അഡ്വൈസേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് – നു നൽകിയിട്ടുള്ളത്. 25.01.2018 ൽ സെക്രട്ടറി സ്ഥാപനത്തിനു നൽകിയ കത്തിൽ 2017 ൽ സ്ഥാപനത്തിൽ നിന്നും വാങ്ങിയ 20 LED ബൾബുകൾ വാറന്റി പീരീഡിൽ കേടായത് നന്നാക്കിത്തരണമെന്ന് അറിയിച്ചിരുന്നു. ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് വാങ്ങിയ സാധനങ്ങളെല്ലാം സ്റ്റോക്കിൽ ചേർത്തിട്ടുണ്ടെന്നും 20 LED ബൾബുകൾ വാറന്റി പീരീഡിൽ കേടായത് നന്നാക്കിത്തന്നിട്ടുണ്ടെന്നുമാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തൽ കൃത്യമല്ല അതുപോലെ 20 LED ബൾബുകൾ വാറന്റി പീരീഡിൽ കേടായത് നന്നാക്കിത്തന്നതിന്റെ രേഖകളൊന്നും ഹാജരാക്കിയില്ല. മുകളിൽ ചേർത്തിട്ടുള്ള അപാകതകൾ ഉള്ളതിനാൽ 182560/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**3. സ്ട്രീറ്റ് ലൈൻ മെയിന്റനൻസ് .പ്രോജക്റ്റ് നം.S 002/19**

പ്രോജക്ടിനായി 28.07.2018 – ൽ ചേർന്ന പഞ്ചായത്ത് കമ്മറ്റിയുടെ 1(1) നിശ്ചയപ്രകാരം തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി ശ്രീ.നന്ദികേശൻ വലിയതറയുടെ ടെണ്ടർ അംഗീകരിച്ചു. ഇതനുസരിച്ച് ഡബിൾ ട്യൂബ് സെറ്റ് മെയിന്റനൻസ് & റീഫിറ്റിംഗ്സിന് 500 രൂപയും സിംഗിൾ ട്യൂബ് സെറ്റ് മെയിന്റനൻസ് & റീഫിറ്റിംഗ്സിന് 405 രൂപയും അംഗീകരിച്ചു. പ്രോജക്റ്റ് പ്രകാരം 577 ഡബിൾ ട്യൂബ് സെറ്റ് മെയിന്റനൻസ് & റീഫിറ്റിംഗ്സും, 840 സിംഗിൾ ട്യൂബ് സെറ്റ് മെയിന്റനൻസ് & റീഫിറ്റിംഗ്സും നടത്തിയതായി കാണിച്ചിട്ടുണ്ട്. ഇതോടൊപ്പം KSEB യുടെ നിരക്ക് പ്രകാരം 90 പുതിയ ഡബിൾ ട്യൂബ് സെറ്റും 288 പുതിയ സിംഗിൾ ട്യൂബ് സെറ്റും ഫിറ്റ് ചെയ്തതായി കാണിച്ചിട്ടുണ്ട്. ചെയ്തതായി ഫയലിൽ ചേർത്തിട്ടുള്ള പ്രവൃത്തിയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | എണ്ണം | നിരക്ക് | ആകെ |
|---|---|---|---|
| ഡബിൾ ട്യൂബ് സെറ്റ് മെയിന്റനൻസ് & റീഫിറ്റിംഗ്സ് | 577 | 500 | 288500 |
| സിംഗിൾ ട്യൂബ് സെറ്റ് മെയിന്റനൻസ് & റീഫിറ്റിംഗ്സ് | 840 | 405 | 340200 |
| പുതിയ ഡബിൾ ട്യൂബ് സെറ്റ് | 90 | 334 | 30060 |
| പുതിയ സിംഗിൾ ട്യൂബ് സെറ്റ് | 288 | 271 | 78048 |
| | | | |

| | | | |
|---|---|---|---|
| ആകെ | | | 736808 |

ഫയൽ പ്രകാരം ഇത്രയും പ്രവൃത്തി ചെയ്തിട്ടുണ്ടെങ്കിലും ബിൽ നം. 29/28-3-2019പ്രകാരം 3,00,000/-രൂപ മാത്രം പിൻവലിച്ച് ശ്രീ.നന്ദികേശന് നൽകിയതായാണ് കാണുന്നത്. ഓരോ വാർഡിലും ഇത്ര ലൈറ്റുകൾ നന്നാക്കിയിട്ടുണ്ടെന്ന് വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതല്ലാതെ ഏതെല്ലാം പോസ്റ്റുകളിലാണ് ഇത് ചെയ്തിട്ടുള്ളതെന്ന് കാണിച്ചിട്ടില്ല. മാത്രമല്ല നന്നാക്കിയ ലൈറ്റുകളുടെ കാര്യത്തിൽ ഒരു ഗ്യാരണ്ടിയും കരാറുകാരൻ നൽകിയിട്ടില്ല. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ആകെ 3,00,000/-രൂപ മാത്രമാണ് വകയിരുത്തിയിരുന്നത് അതിനാലാണ് അത്രയും തുക മാത്രം നൽകിയതെന്നാണ്.

മുകളിൽ കാണിച്ചിട്ടുള്ള പ്രോജക്ടുകൾ പ്രകാരം ശരിയായ രേഖകളുടെ അഭാവത്തിൽ 4,85,204/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സ്ട്രീറ്റ് ലൈറ്റുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന പ്രോജക്ടുകൾ കാര്യക്ഷമമായ രീതിയിൽ നടപ്പാക്കേണ്ടതാണ്.

# 1-26 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നടപ്പാക്കിയ താഴെ പറയുന്ന പ്രോജക്ടുകളുമായി ബന്ധപ്പെട്ട് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

1. <u>വനിതാ വിപണന കേന്ദ്രം വയറിംഗ് - പ്രോജക്ട് നം. S 163/19</u>

വനിതാ വിപണന കേന്ദ്രം വയറിംഗിനായി PWD ഇലക്ട്രിക്കൽ വിംഗ് ആലപ്പുഴയുടെ എസ്റ്റിമേറ്റ് പ്രകാരം KSEB യുടെ സർവ്വീസ് കണക്ഷൻ ചാർജ്ജ് 5000/-രൂപ ഉൾപ്പെടെ 1,32,000/- രൂപ ബിൽ നം.1/31.05.2018 പ്രകാരം പിൻവലിച്ച് PWD ഇലക്ട്രിക്കൽ സബ്ഡിവിഷൻ ആലപ്പുഴയ്ക്ക് നൽകി (വികസനഫണ്ട് സാധാരണവിഹിതം).

2. <u>വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ. പ്രോജക്ട് നം.S126/19</u>

വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ എന്ന പ്രോജക്ടിനായി KWA യുടെ 16.10.2018 - ലെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ബിൽ നം. 18/23-11-2018 പ്രകാരം 76,064/- രൂപ പിൻവലിച്ച് വാട്ടർ അതോറിറ്റിക്ക് നൽകി (വികസനഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്).

മുകളിൽ കാണിച്ചിട്ടുള്ള രണ്ട് പ്രോജക്ടുകളിലുമായി 2,08,064/- രൂപ ചെലവ് ചെയ്തിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തിയാക്കി ആയതിന്റെ വിനിയോഗ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക 2,08,064/- രൂപ തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/26.09.2019) വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാം എന്നാണ് സെക്രട്ടറി മറുപടി നൽകിയിട്ടുള്ളത്. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-27 വെള്ളക്കരം കുടിശ്ശിക വാട്ടർ അതോറിറ്റിയിൽ അടക്കുന്ന തുകകൾ പഞ്ചായത്തിന്റെ പേരിൽ വരവ് വച്ചിട്ടുണ്ടെന്നതിന് രേഖകളില്ല

വെള്ളക്കരം കുടിശ്ശിക വാട്ടർ അതോറിറ്റിയിൽ അടക്കുന്ന തുകകൾ പഞ്ചായത്തിന്റെ പേരിൽ വരവ് വച്ചിട്ടുണ്ടെന്നതിന് രേഖകളൊന്നും പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. വാട്ടർ അതോറിറ്റിയുടെ 08.05.2018 ലെ ബിൽ പ്രകാരം തൻമാസത്തെ വെള്ളക്കരം ഉൾപ്പെടെ 59793107/- രൂപ കുടിശ്ശിക ഉണ്ടെന്ന് കാണിച്ചിട്ടുണ്ട്. കുടിശ്ശിക അടവാക്കുന്നതിന് തൻവർഷം പ്രോജക്ട് നം.S 004/19 മുഖേന മെയിന്റനൻസ് ഗ്രാന്റ് 9,07,000/- രൂപയും, പ്രോജക്ട് നം.S 222/19 പ്രകാരം പദ്ധതി വിഹിതം 20,26,635/-രൂപയും ജനറൽ പർപ്പസ് ഗ്രാന്റ് 19,87,320/-രൂപയും ഉൾപ്പെടെ 49,20,955/-രൂപ വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. ഈ തുകകൾ വാട്ടർ അതോറിറ്റിയിൽ പഞ്ചായത്തിന്റെ പേരിൽ വരവ് വച്ചിട്ടുണ്ടെന്നതിനുള്ള രേഖകൾ ഹാജരാക്കിയില്ല. മാത്രമല്ല വാട്ടർ അതോറിറ്റിയുടെ 07.03.2019 ലെ ബിൽ പ്രകാരം 7,72,49,060/- രൂപ കുടിശ്ശിക ഉള്ളതായാണ് കാണുന്നത്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/26.09.19) രേഖകൾ നൽകുന്നതിന് വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ടെന്നാണ് മറുപടി നൽകിയിട്ടുള്ളത്. കുടിശ്ശികയിനത്തിൽ പഞ്ചായത്ത് ഒടുക്കിയ തുകകൾ കൃത്യമായി വാട്ടർ അതോറിറ്റി വരവു വയ്ക്കുന്നുണ്ടെന്നുറപ്പാക്കുകയും കുടിശ്ശികയിനത്തിൽ ഡിമാന്റ് നോട്ടീസിൽ കാണിക്കുന്ന തുകകൾ കൃത്യമാണെന്നുറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്.

# 1-28 മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

1. മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവ്വഹണം നടത്തിയ പി.എച്ച്.സി കൾക്ക് മരുന്ന് വാങ്ങൽ (പ്രോജക്ട് നം.S0059/19) പദ്ധതിയുമായി ബന്ധപ്പെട്ട് മരുന്ന് വാങ്ങുന്നതിനായി മെയിന്റനൻസ് ഫണ്ടിൽ (റോഡിതരം) നിന്നും 1,80,000/-രൂപ (ബിൽ നം.7/18-19, തീയതി.25.01.2019) കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. മരുന്നുകൾ ലഭിക്കാൻ കാലതാമസം നേരിടുന്നതിനാൽ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ അറിയിക്കുവാനാവശ്യപ്പെട്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം.10/26.09.2019) നൽകിയ മറുപടിയിൽ (പ്രൊഫോർമ ഇൻവോയ്സ് നം. 3893 പ്രകാരം) 11425/- രൂപയുടെ മരുന്ന് 27.09.19-ന് കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്ന് എത്തിയിട്ടുണ്ടെന്നും ബാക്കി മരുന്നുകൾ ഉടൻ ലഭിക്കുമെന്നും അറിയിച്ചു. മരുന്നുകൾ പൂർണ്ണമായും ലഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്. 2018-19 സാമ്പത്തിക വർഷം ബാക്കി ലഭിക്കാനുള്ള മരുന്നിന് ചെലവഴിച്ച 168575/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
2. മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണം നടത്തിയ ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ (പ്രോജക്ട് നം. S00015/19) പദ്ധതിയുമായി ബന്ധപ്പെട്ട് 1,00,000/-രൂപ ബിൽ നം. 1/18-19, തീയതി 20.02.2019 പ്രകാരം ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. മരുന്നുകൾ ലഭിക്കാൻ കാലതാമസം നേരിടുന്നതിനാൽ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ അറിയിക്കുവാനാവശ്യപ്പെട്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം.9/ 26.09.2019) മരുന്നുകൾ ഉടൻ ലഭിക്കുമെന്നാണ് ഹോംകോ അറിയിച്ചിട്ടുള്ളത് എന്നാണ് മറുപടി നൽകിയിട്ടുള്ളത്.

1,00,000/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ലാത്തതിനാൽ ഈ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-29 വനിതകൾക്ക് ആടുകളും കോഴികളും വിതരണം ചെയ്തത് - പർച്ചേസിംഗ് കമ്മറ്റി രൂപീകരിച്ചതായി കാണുന്നില്ല

വനിതകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനായി ആട്ടുകളും കോഴികളും വാങ്ങി നൽകുന്നതിന് ധനസഹായം നൽകുന്നതിന് വെറ്ററിനറി സർജ്ജൻ നിർവ്വഹണോദ്യോഗസ്ഥനായി 2018-19 വർഷം താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നം./ പേര് | അടങ്കൽ | തൻവർഷം ചെലവ് | ബിൽ നം./ ചെക്ക് നം./ ഡി.ഡി നം. | തുക | ചെലവിന്റെ വിശദാംശം | ഇൻവോയ്സ് തീയതി |
|---|---|---|---|---|---|---|---|
| 1 | 81/19 വനിത കൾക്ക് ആട്ടുവിതരണം (എസ്.സി) | 324000 | വികസനഫണ്ട് 153000 ഗുണഭോക്തൃ വിഹിതം 51000 ആകെ 204000 | പി.പി.ബി.2/18-19/ 12.01.19 | 108000 | ഒന്നിന് 6000/-രൂപ നിരക്കിൽ 34 പെണ്ണാട്ടുകളുടെ വില മരിയ ഫാം, കാഞ്ഞിരപ്പള്ളിക്ക് നൽകിയത് | 131/12.01.19<br>132/05.03.19 |
| | | | | പി.പി.ബി.6/18-19/ 21.3.19 | 45000 | | |
| | | | | ചെക്ക് നം.2389433/ 8.2.19 | 360000 | | |
| | | | | ചെക്ക് നം.2389474/ 21.3.19 | 15000 | | |
| | | | | ആകെ | 204000 | | |
| 2 | 82/19 വനിതകൾക്ക് ആട്ടുവിതരണം (ജനറൽ) | 864000 | വികസനഫണ്ട് 168000 ഗുണഭോക്തൃ വിഹിതം - 168000 ആകെ 336000 | പി.പി.ബി.3/18-19/ 17.1.19 | 126000 | ഒന്നിന് 6000 രൂപ നിരക്കിൽ 56 പെണ്ണാട്ടുകളുടെ വില മരിയാ ഫാം, കാഞ്ഞിരപ്പള്ളിക്ക് നൽകിയത് | 132/12.1.19<br>131/5.3.19 |
| | | | | പി.പി.ബി.5/18-19/ 21.3.19 | 42000 | | |
| | | | | ചെക്ക് നം.2389433/ 8.2.19 | 126000 | | |
| | | | | ചെക്ക് നം.2389474/ 21.3.19 | 42000 | | |
| | | | | ആകെ | 336000 | | |
| 3 | 107/19 വനിതകൾക്ക് കോഴി വളർത്തൽ (ജനറൽ) | 153000 | വികസനഫണ്ട് 42500 ഗുണഭോക്തൃ വിഹിതം 110500 ആകെ 153000 | പി.പി.ബി.4/18-19 21.3.19 | 42500 | 1 ന് 100 രൂപ നിരക്കിൽ 170 കോഴിക്കുഞ്ഞുങ്ങളുടെ വില വെൺമണി കൃഷ്ണാ പൗൾട്രി ഫാമിന് നൽകിയത് -17000<br>കൂടൊന്നിന് 8000 രൂപ നിരക്കിൽ 17 കൂടുകൾ വാങ്ങിയ തിന് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് നൽകിയത് -136000<br>ആകെ 17000+ 136000 153000 | 18/22.2.19 |
| | | | | ചെക്ക് നം.2389474/ 21.3.19 | 110500 | | |
| | | | | ആകെ | 153000 | | |
| 4 | 213/19 വനിതകൾക്ക് മുട്ടക്കോഴി | 430000 | ഗുണഭോക്തൃവിഹിതം - 110500 | ചെക്ക് നം.2389479/ 27.3.19 | 110500 | 1 ന് 100 രൂപ നിരക്കിൽ 2210 കോഴിക്കുഞ്ഞുങ്ങളുടെ വിലയായി 221000/- | 19/22.3.19 |

| | | | | | | | |
|---|---|---|---|---|---|---|---|
| | വിതരണം (ജനറൽ) | | | | | രൂപ വെൺമണി കൃഷ്ണാ പൗൾട്രി ഫാം ഇൻവോയ്സ് നൽകി. ഇതിൽ 110500 രൂപ നൽകി. രേഖകൾ പ്രകാരം 221 ഗുണഭോക്താക്കൾക്ക് ആളൊന്നിന് 10 കോഴിക്കുഞ്ഞുങ്ങളെ വീതം വിതരണം ചെയ്തു. ബാക്കി തുക നൽകിയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല | |
| | | | 803500 | | | | |

ഗുണഭോക്താക്കൾക്ക് നിശ്ചിത പ്രായത്തിലുള്ള ആട്ടുകളും കോഴികളും ലഭ്യമാക്കുന്നതിനാണ് പ്രോജക്ട് ലക്ഷ്യം വയ്ക്കുന്നത്. പ്രത്യേക പർച്ചേസിംഗ് കമ്മറ്റി രൂപീകരിച്ച് വാങ്ങൽ നിർവ്വഹിക്കുന്നതിനാണ് പ്രോജക്ട് നിഷ്കർഷിക്കുന്നത്. എന്നാൽ ഇതുപ്രകാരം പ്രത്യേക പർച്ചേസിംഗ് കമ്മറ്റി രൂപീകരിച്ചതിന്റേയും വാങ്ങൽ അംഗീകരിച്ചതിന്റേയും രേഖകൾ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. പ്രസ്തുത വാങ്ങൽ പ്രക്രിയ പഞ്ചായത്ത് ജനറൽ കമ്മറ്റി അംഗീകരിച്ചതായും കാണുന്നില്ല. വാങ്ങിയ കോഴിക്കുഞ്ഞുങ്ങൾക്ക് വാക്സിനേഷൻ നൽകിയിട്ടുള്ളതിനും രേഖാപരമായ സ്ഥിരീകരണം ലഭ്യമായിട്ടില്ല. ആട്ടുകളും കോഴികളും വാങ്ങിയിട്ടുള്ളത് വ്യത്യസ്ത മാസങ്ങളിലാണെങ്കിലും ഇവ സപ്ലൈ ചെയ്ത ഇൻവോയിസുകൾ തൊട്ടടുത്ത ക്രമനമ്പരിലുള്ളതാണെന്നത് ഇൻവോയ്സുകൾ മുൻകൂറായിതന്നെ നൽകിയിരിക്കാനുള്ള സാധ്യത സൂചിപ്പിക്കുന്നു.

മേൽ അപാകതകൾ മുൻനിർത്തി മേൽ പ്രോജക്ടുകൾക്കു കീഴിൽ ചെലവഴിച്ച 803500/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകളിൽ വിശദീകരണവും രേഖാപരമായ സാധൂകരണവും ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-30 മഴക്കാല പൂർവ്വ ശുചീകരണം - വാർഡുതല സാനിട്ടേഷൻ സമിതിയുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല

ചെക്ക് നം.: 244911/6.6.18 – 162000/-

ഗ്രാമ പഞ്ചായത്തിലെ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി 18 വാർഡുകളിലേയ്ക്ക് 9,000/- രൂപ വീതം തൻവർഷം നൽകിയിരുന്നു. എന്നാൽ തുക കൈപ്പറ്റിയിട്ടുള്ള 12 വാർഡുകളിൽ (വാർഡ് നം. 1,6-14,17,18) നിന്നും ശുചീകരണവുമായി ബന്ധപ്പെട്ട ചെലവ് രേഖകളൊന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത വാർഡുകൾക്കായി നൽകിയ 1,08,000/- രൂപ (12x9000/-) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-31 ഒരേ ആവശ്യത്തിനായി വിവിധ പ്രോജക്ടുകൾ പ്രകാരം വാങ്ങിയ ലാപ്ടോപ്പുകൾക്ക് വിവിധ വിലകൾ നൽകി

വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യുക എന്നതിനായി 2018/19 വർഷം വിവിധ പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. എന്നാൽ വിവിധ വില ഇവയ്ക്ക് നൽകിയതായി കാണുന്നു. ഫിഷറീസ് സബ് ഇൻസ്പെക്ടർ നടപ്പാക്കിയ ഉൾനാടൻ മൽസ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് എന്ന പ്രോജക്ടിനായി (പ്രോജക്ട് നം.S031/19) ലാപ്ടോപ്പ് ഒരെണ്ണത്തിന് 21,340/- രൂപ വച്ച് 4 എണ്ണം സ്മാർട്ട് ടെക്നോളജി കൊച്ചിയിൽ നിന്നും, കടലോര മൽസ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് എന്ന പ്രോജക്ടിനായി (പ്രോജക്ട് നം.S028/19) ലാപ്ടോപ്പ് ഒരെണ്ണത്തിന് 29,800/- രൂപ വച്ച് 16 എണ്ണം ആവ് ലോൺ സിസ്റ്റംസ് & സർവ്വീസസ് കോട്ടയത്തിൽ നിന്നും വാങ്ങി. ഇതിനായി ബിൽ നം.3/30-11-18 പ്രകാരം 85360 പിൻവലിച്ച് സ്മാർട്ട് ടെക്നോളജി കൊച്ചിക്കും ബിൽ നം.8/27-3-19 പ്രകാരം 4,76,800/- രൂപ പിൻവലിച്ച് ആവ് ലോൺ സിസ്റ്റംസ് & സർവ്വീസസ് കോട്ടയത്തിനും നൽകി. സ്മാർട്ട് ടെക്നോളജി കൊച്ചി ലാപ്ടോപ്പിന് 5 വർഷ വാറന്റി പറഞ്ഞിരുന്നു. എന്നാൽ ആവ് ലോൺ സിസ്റ്റംസ് & സർവ്വീസസ് വില കൂടുതൽ ഈടാക്കിയെങ്കിലും 3 വർഷ വാറന്റി മാത്രമാണ് പറഞ്ഞിട്ടുള്ളത്.

അതുപോലെ തൻ വർഷം അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് (പ്രോജക്ട് നം. S049/19) എന്ന പ്രോജക്ടിനായി 7 ലാപ്ടോപ്പുകൾ 21,340/- രൂപ വച്ചാണ് സ്മാർട്ട് ടെക്നോളജി കൊച്ചിയിൽ നിന്നും വാങ്ങിയിട്ടുള്ളത്.

2018/19 ൽ ലാപ്ടോപ്പ് വിതരണത്തിനായി ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ആവ് ലോൺ സിസ്റ്റംസ് & സർവ്വീസസ് - ന്റെ ടെണ്ടർ 08.03.2019 - ൽ ചേർന്ന പഞ്ചായത്ത് കമ്മറ്റിയുടെ 1(1)-ാം നമ്പർ നിശ്ചയപ്രകാരം അഗീകാരം നൽകിയിരുന്നു. തൻവർഷം ലാപ്ടോപ്പ് ഒരെണ്ണത്തിന് 21340/- രൂപ വച്ച് 4 എണ്ണം സ്മാർട്ട് ടെക്നോളജി കൊച്ചി സപ്ലൈ ചെയ്യുന്നുള്ളത് പരിഗണിക്കാതെ തീരുമാനം എടുത്തതിലൂടെ 135360(8460x16) രൂപയുടെ അധിക ചെലവ് വന്നിട്ടുണ്ട്. രണ്ടു തവണ ടെണ്ടർ ക്ഷണിച്ചതുകൊണ്ടാണ് ഇപ്രകാരം വിലവ്യത്യാസം വന്നതെന്ന് വിശദീകരിക്കപ്പെട്ടു. തൻവർഷം നടപ്പിലാക്കുന്ന പ്രോജക്ടുകളിൽപ്പെടുന്ന ഉപകരണങ്ങളുടെ കൃത്യമായ ആവശ്യകതയും അളവും കണക്കിലെടുത്ത് ടെണ്ടർ നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിൽ ഇപ്രകാരമുള്ള വിലവ്യത്യാസം മൂലമുള്ള അധികചെലവ് ഒഴിവാക്കാമായിരുന്നു. ഈ കാര്യത്തിൽ ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-32 മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:-

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2018-19 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ എന്നിവ സൂക്ഷിക്കുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

1. നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ്ബുക്ക് ( TR 7A ) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
2. കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.
3. കരാറുകാരനുമായി ചമച്ചിട്ടുള്ള കരാറുകളിലെ പൂർത്തീകരണ കാലാവധിയും പിഴയുമായി ബന്ധപ്പെട്ട ഭാഗം കാലഹരണപ്പെട്ടതാണെന്ന് കാണുന്നു. പുതുക്കിയ പി.ഡബ്യു.ഡി മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറുകൾ തയ്യാറാക്കേണ്ടതാണ്.
4. ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ട പ്രാഥമിക കരാർ ഭൂരിഭാഗം പ്രവൃത്തികളിലും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ബ്ലാങ്ക് മുദ്രപത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.
5. പി.ഡബ്യു.ഡി മാന്വൽ സെക്ഷൻ 2113 പ്രകാരമുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫൈനൽ ബില്ലിനോടൊപ്പം തയ്യാറാക്കിയിട്ടില്ല.
6. ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയിട്ടുള്ള പ്രവൃത്തികളുടെ ഫയലിൽ ആവശ്യമായ രേഖകളൊന്നും തന്നെ സൂക്ഷിച്ചിട്ടില്ല.

പ്രസ്തുത ന്യൂനതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 5/25.9.18) നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-33 പൊതുമരാമത്ത് പ്രവൃത്തികൾ- ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടുള്ള തുകകൾ ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ അടയ്ക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ കരാറുകാർ മുഖേന നടപ്പാക്കിയിട്ടുള്ള റോഡ് പ്രവൃത്തികളിൽ നിന്നുള്ള ബിറ്റുമിൻ ബാരൽ വില അസിസ്റ്റന്റ് എഞ്ചിനീയർ ബില്ലിൽ നിന്നും കുറവ് ചെയ്ത് സെക്രട്ടറിയുടെ പേരിലുള്ള ടി.എസ്.ബി അക്കൗണ്ടിലേയ്ക്കാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ഇത് ക്രമപ്രകാരമല്ല. ടി ഇനത്തിലുള്ള തുകകൾ (ജി.എസ്.ടി ഒഴികെ)

ഏതു ഫണ്ടുപയോഗിച്ചാണോ പ്രവൃത്തി ചെയ്തത് ആ ഫണ്ടിലേയ്ക്ക് തന്നെ തിരിച്ചടയ്ക്കേണ്ടതാണ്. ആയതിനാൽ ടി ഇനത്തിലുള്ള തുക കണക്കാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-34 തെരുവ് വിളക്കുകളുടെ പ്രവർത്തനം- പരാതി രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്തുകളിൽ തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ പൊതുജനങ്ങളിൽ നിന്നും മറ്റും സ്വീകരിക്കുന്നതിനും തുടർ നടപടികൾക്കുമായി നോഡൽ ഓഫീസറേയും നോഡൽ പോയിന്റുകളും നിശ്ചയിക്കേണ്ടതാണ്. (പഞ്ചായത്ത് ഡയറക്ടറുടെ 17.08.15 ലെ ജി.2-44274/2015 നമ്പർ ഉത്തരവ്) തെരുവ് വിളക്ക് സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ ഈ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും നോഡൽ ഓഫീസർ ഇത് മെയിന്റനൻസ് ടീമിന് കൈമാറേണ്ടതും പരിഹരിച്ച പരാതികളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി നോഡൽ ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ടി നടപടി ക്രമങ്ങൾ പാലിക്കപ്പെടുന്നില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളിൽ പ്രഥമ പരിഗണന അർഹിക്കുന്ന തെരുവ് വിളക്കുകളുടെ പരിപാലനത്തിന് മേൽ സംവിധാനം അത്യാവശ്യമാണ്. ആവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-35 പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ - സർക്കാർ ഉത്തരവ് പാലിക്കാതെ തുക ചെലവഴിക്കുന്നു

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ സുഗമവും സുതാര്യവുമായ നടത്തിപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് (3217/15/ത.സ്വ.ഭ.വ.തീയതി.29.10.2015) പ്രകാരം പാലിയേറ്റീവ് പരിചരണ നോമിനൽ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിരിക്കുന്ന രോഗികളുടെ പേരുകൾ (മരണപ്പെട്ടവരും, ഒഴിവാക്കപ്പെട്ടവരും ഒഴികെ) അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വെബ് സൈറ്റിൽ മേൽപ്പറഞ്ഞ ഉത്തരവിന്റെ തീയതി (29.10.15) മുതൽ 60 ദിവസത്തിനകം പ്രദർശിപ്പിക്കണമെന്നും അല്ലാത്ത പക്ഷം പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്ക് തുക വിനിയോഗിക്കാൻ പാടില്ലായെന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നാളിതുവരെ പാലിയേറ്റീവ് പരിചരണത്തിൽപ്പെട്ട രോഗികളുടെ പേരുകൾ വെബ്സൈറ്റിൽ അപ്ലോഡ് ചെയ്തിട്ടില്ല. ആയതിനാൽ പാലിയേറ്റീവിനായി ചെലവഴിച്ച തുകയ്ക്ക് നിയമസാധുതയില്ലാതാകുന്നു. പാലിയേറ്റീവ് പരിചരണത്തിനായി തൻവർഷം ഗ്രാമപഞ്ചായത്ത് 4,93,882/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. സർക്കാർ ഉത്തരവിന് വിരുദ്ധമായുള്ള ചെലവിന് സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

## 1-36 ആർജ്ജിതാവധി സറണ്ടർ -ലീവ് വിവരങ്ങൾ ലഭ്യമാക്കിയില്ല

ഗ്രാമപഞ്ചായത്തുകളിലെ ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ നിയമനം ഓരോ വർഷവും ദീർഘിപ്പിച്ച നൽകി വരുന്നതിനാൽ KSR ഭാഗം-1അനുബന്ധം-8 ചട്ട പ്രകാരം 15 ദിവസത്തെ ഡ്യൂട്ടിയ്ക്ക് 1 എന്ന നിരക്കിൽ ഒരു വർഷം പരമാവധി 15 ആർജ്ജിതാവധി അക്കൗണ്ട് ചെയ്യപ്പെടുന്നതും, ഇത്തരത്തിൽ ആർജ്ജിക്കുന്ന അവധിയിൽ നിന്നും അവധി വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ആയതു കുറച്ച് ബാക്കി ഒരു ധനകാര്യവർഷം 30-ൽ കവിയാതെ ആർജ്ജിതാവധി സറണ്ടർ ചെയ്യാവുന്നതുമാണ്. പഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റ് ശ്രീമതി ജിംഷ.ജെ-യ്ക്ക് വൗച്ചർ നം-21800047/തീ-18.04.19 പ്രകാരം 30 ദിവസത്തെ ആർജ്ജിത അവധി പണമാക്കി നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ ടിയാളുടെ ആർജ്ജിതാവധി സംബന്ധിച്ച വിവരങ്ങളൊന്നും തന്നെ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ടിയാളുടെ സേവനപുസ്തകമോ, ലീവ് അക്കൗണ്ട് സംബന്ധിച്ച രേഖപ്പെടുത്തലുകളോ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ക്രെഡിറ്റിലുള്ള ആർജ്ജിതാവധിയുടെ വിവരങ്ങൾ തയ്യാറാക്കാതെ സറണ്ടർ ചെയ്ത് തുക നൽകിയത് ക്രമ വിരുദ്ധമാമണ്. ആയതിനാൽ ടിയാൾ സർവ്വീസിൽ പ്രവേശിച്ച തീയതി, ആകെ ആർജ്ജിതാവധി, ആർജ്ജിതാവധി എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ, ഓരോ വർഷവും സറണ്ടർ ചെയ്തിട്ടുള്ള ആർജ്ജിതാവധിയുടെ വിവരങ്ങൾ എന്നിവ ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-37 വയബിലിറ്റി ഗ്യാപ്പ് ഫണ്ടും അനുബന്ധ പ്രവൃത്തികളും

വി.ഇ.ഒ. തോട്ടപ്പള്ളി നിർവ്വഹണം നടത്തിയ വയബിലിറ്റി ഗ്യാപ്പ് ഫണ്ടും അനുബന്ധ പ്രവൃത്തികളും എന്ന പ്രോജക്ട് (നം.S154/19) 2017/18ൽ ആരംഭിക്കുകയും 4 ലക്ഷം രൂപ വകയിരുത്തിയതിൽ 28,650/- രൂപ ആ വർഷം ചെലവ് ചെയ്യുകയുമുണ്ടായി. ബാക്കി 3,71,350/- രൂപ (പ്ലാൻ ഫണ്ട് സാധാരണ വിഹിതം) വകയിരുത്തി 2018/19 ൽ പ്രോജക്ട് തയ്യാറാക്കുകയുമുണ്ടായി. ഇതിനായി വിവിധ ബില്ലുകളിലായി 45,678/-രൂപ പിൻവലിച്ച് ചെലവ് ചെയ്യുകയുണ്ടായി. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ബിൽ നം./ തീയതി | തുക | ചെലവിന്റെ വിവരങ്ങൾ |
|---|---|---|---|
| 1 | 10/20.07.18 | 5133 | ഏപ്രിൽ മുതൽ ജൂൺ വരെ പ്ലാസ്റ്റിക് സംഭരണ ഷെഡ്ഡിന്റെ വാടക |
| 2 | 16/27.09.18 | 7000 | ബിൽ നം./ തീയതിഷെഡിന്റെ വാടക ജൂലൈ, ഓഗസ്റ്റ്, 4,000/-രൂപ, പ്ലാസ്റ്റിക് സംഭരണം നടത്തിയ വണ്ടി വാടക 3,000/-രൂപ |
| 3 | 18/31.10.18 | 2000 | ഷെഡിന്റെ വാടക സെപ്റ്റംബർ |
| 4 | 20/31.10.18 | 8825 | ഷെഡിന്റെ വാടക ഒക്ടോബർ 2000, നോട്ടീസ്, രസീത് ബുക്ക് പ്രിന്റിംഗ് 6,825/- രൂപ |
| 5 | 34/15.03.19 | 22720 | ഷെഡിന്റെ വാടക നവംബർ , ഡിസംബർ 4,000/- രൂപ, യൂണിഫോം 18,720/- രൂപ |
| | ആകെ | 45678 | |

പ്ലാസ്റ്റിക് ശേഖരിച്ചുവയ്ക്കുന്ന ഷെഡ്ഡിന്റെ വാടകയായി ശ്രീ.വെങ്കിടേശ്വരൻ എന്നയാൾക്ക് 2018 ഏപ്രിൽ മാസം 1,133/-രൂപയും തുടർന്ന് ഡിസംബർ വരെ 2,000 രൂപ വച്ചും വാടക അനുവദിച്ചു. അതുപോലെ 13.04.2018 ൽ ചേർന്ന പഞ്ചായത്ത് കമ്മറ്റിയുടെ 24/1 നിശ്ചയപ്രകാരം പ്ലാസ്റ്റിക് സംഭരണം നടത്തുന്നതിന് ശ്രീ.സുധീഷ് കല്ലുപുരക്കൽ എന്നയാൾക്ക് പ്രതിദിനം 1,500/- രൂപ വച്ച് വണ്ടിവാടക നൽകുവാൻ നിശ്ചയിച്ചിരുന്നു. ഇതു പ്രകാരം ഇദ്ദേഹത്തിന് 3,000/-രൂപ നൽകി. അതുപോലെ നോട്ടീസ്, രസീത് ബുക്ക് പ്രിന്റിംഗ് എന്നിവയ്ക്കായി 6,825/- രൂപ സന്ധ്യാ പ്രിന്റേഴ്സിനു നൽകി. തുടർന്ന് 36 ഓവർകോട്ടുകൾ തയിച്ചതിന് ആദിൽ സ്റ്റിച്ചിംഗ് പുറക്കാടിന് 18,720/- രൂപ നൽകി.

ഹരിത കർമ്മസേനയുടെ മിനിറ്റ്സ്, അംഗങ്ങളുടെ വിവരങ്ങൾ, പ്ലാസ്റ്റിക് കളക്ട് ചെയ്തതിന്റേയും നീക്കംചെയ്തതിന്റേയും വിവരങ്ങൾ എന്നിവ ഓഡിറ്റിനു ഹാജരാക്കിയില്ല.

പ്ലാസ്റ്റിക് കളക്ഷൻ നടത്തിയെങ്കിലും നിശ്ചയിച്ച യൂസർ ഫീ തരുവാൻ ഭൂരിഭാഗം വീട്ടുകാരും തയ്യാറാകാത്തതിനാൽ യൂസർ ഫീ കളക്ട് ചെയ്തിട്ടില്ലെന്നും, യൂസർ ഫീ കളക്ട് ചെയ്യുവാൻ സാധിക്കാത്തതിനാലും, കളക്ട് ചെയ്ത പ്ലാസ്റ്റിക് തരംതിരിക്കുവാൻ സംവിധാനം ഇല്ലാത്തതിനാലും, പ്ലാസ്റ്റിക് എടുക്കുവാൻ ഏജൻസികൾ ഇല്ലാത്തതിനാലും ആണ് പ്രവർത്തനം നിലച്ചുപോയതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചത്. പഞ്ചായത്തിലെ മുഴുവൻ വീടുകളുടേയും കച്ചവട സ്ഥാപനങ്ങളുടെയും സഹകരണത്തോടെ പ്ലാസ്റ്റിക് നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-38 അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ

കെട്ടിടം-പുറക്കാട് ഗ്രാമപഞ്ചായത്ത് പരിധിയിൽ 34 അംഗൻവാടികൾ പ്രവർത്തിയ്ക്കുന്നു. അതിൽ 10 എണ്ണം സ്വന്തം കെട്ടിടത്തിലും 21 എണ്ണം വാടകകെട്ടിടത്തിലും, 3 എണ്ണം വാടകയില്ലാത്ത കെട്ടിടത്തിലുമാണ് പ്രവർത്തിയ്ക്കുന്നത്. അംഗൻവാടി കെട്ടിടങ്ങൾക്ക് സ്വന്തമായി സ്ഥലം വാങ്ങുന്നതിനായി എല്ലാ വർഷവും പ്രോജക്ട് വയ്ക്കാറുണ്ട്. വാർഡ്

6 ലെ 123-ാം നമ്പർ അംഗൻവാടിക്ക് സ്വന്തമായി സ്ഥലമുണ്ട്. അവിടെ കെട്ടിടത്തിന്റെ ഫൗണ്ടേഷൻ പണി നടക്കുകയാണ്. ഈ അംഗൻവാടി ഇപ്പോൾ വാടകയില്ലാത്ത കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. വാർഡ് 6 ലെ 79-ാം നമ്പർ അംഗൻവാടി ക്ക് സ്ഥലം പ്രോജക്ട് വെച്ച് വാങ്ങിയിട്ടുണ്ട്. കെട്ടിടം വയ്ക്കാൻ ഇ-ടെൻഡർ നടപടികൾ നടക്കുന്നു.

കുടിവെള്ളം- 34 അംഗൻവാടികൾക്കും കുടിവെള്ളം ലഭ്യമാണ്.

ടോയ്ലെറ്റ്- 34 അംഗൻവാടികൾക്കും ടോയ്ലെറ്റ് സൗകര്യം ഉണ്ട്. ബേബി ഫ്രണ്ട്ലി ടോയ്ലെറ്റ് സൗകര്യം സ്വന്തം കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന 8 അംഗൻവാടികൾക്കുണ്ട്.

വൈദ്യുതി- എല്ലാ കെട്ടിടങ്ങളിലും വൈദ്യുതി കണക്ഷൻ ഉണ്ട്.

ചുറ്റുമതിൽ- സ്വന്തമായി കെട്ടിടമുള്ള 10 അംഗൻവാടികളിൽ 9 എണ്ണത്തിന് ചുറ്റുമതിൽ ഉണ്ട്. ബാക്കിയുള്ളവ ഷീറ്റ് ഉപയോഗിച്ച് വേലി കെട്ടി സംരക്ഷിച്ചിട്ടുണ്ട്.

ആഹാരസാധനങ്ങൾ സൂക്ഷിക്കുവാനുള്ള സൗകര്യം - എല്ലാ അങ്കണവാടികൾക്കും ആഹാരസാധനങ്ങൾ സൂക്ഷിക്കു വാനുള്ള സംഭരണപ്പെട്ടിയുണ്ട്.

ഫിറ്റ്നസ് സർട്ടിഫിക്കറ്റ്- അംഗൻവാടികൾ പ്രവർത്തിയ്ക്കുന്ന കെട്ടിടം നിലവിൽ സുരക്ഷിതമാണോ എന്ന് പരിശോധിച്ച് നൽകുന്ന ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് 2018-19 വർഷം എല്ലാ അംഗൻവാടികൾക്കും ലഭിച്ചിട്ടുണ്ട്.

പ്രവേശനോത്സവം - എല്ലാ വർഷവും ജൂൺ ഒന്നിനും നവംബർ ഒന്നിനും (രണ്ട് തവണ) അംഗൻവാടികളിൽ ആഘോഷപൂർവ്വം പ്രവേശനോത്സവം നടത്താറുണ്ട്.

അംഗൻവാടികളുടെ പ്രവർത്തനം തൃപ്തികരമെങ്കിലും 24 എണ്ണത്തിന് സ്വന്തമായി കെട്ടിടം ഇല്ലാത്തതും, ചുറ്റുമതിൽ, വൈദ്യുതി തുടങ്ങിയ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയും ഗൗരവമേറിയ വിഷയമാണ്. അംഗൻവാടി കെട്ടിടങ്ങളുടെ സംരക്ഷണത്തിന് സർക്കാർ പുറപ്പെടുവിച്ച സർക്കുലർ നം.31055/ഡി.സി.2/2011/ത.സ്വ.ഭ.വ/ 22.03.2011-ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്. അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ഗുണഭോക്തൃകമ്മിറ്റികൾ വഴി നടപ്പിലാക്കിയ ചില പ്രവൃത്തികളിൽ ഓവർഹെഡ് ചാർജ്ജിനത്തിൽ

# കൺവീനർമാർക്ക് അധിക തുക നൽകി

സർക്കാർ ഉത്തരവ് നം.30/2016/ധനം തീയതി:29.02.2016 പ്രകാരം ഗുണഭോക്തൃകമ്മിറ്റികൾ വഴി നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ്ജ് നൽകാമെന്നും ടി പ്രവൃത്തികൾക്ക് ആവശ്യമായ നികുതികൾ ടി ഗുണഭോക്തൃകമ്മിറ്റികളിൽ നിന്നും ഈടാക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. 01.07.2017 മുതൽ വാറ്റിനു പകരം ജി.എസ്.ടി നിലവിൽ വന്നതിനാൽ വാറ്റ് ഒടുക്കേണ്ടതില്ലെന്നും പ്രസ്തുത വാറ്റിനത്തിലുള്ള 5% തുക കുറവ് ചെയ്ത് ബിൽ നൽകിയാൽ മതിയാകുന്നതാണെന്നും 16.03.2018-ലെ ഡി.ബി.3/9058/17/സിഇ/ത.സ്വ.ഭ.വ കത്ത് പ്രകാരം തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഗുണഭോക്തൃകമ്മിറ്റികൾ വഴി നടപ്പിലാക്കിയ ചില പ്രവൃത്തികളിൽ ഓവർഹെഡ് ചാർജ്ജിനത്തിൽ 10% വർദ്ധനയാണ് നൽകിയിട്ടുള്ളത്. പ്രൈസ് ലിസ്റ്റ് പ്രകാരം തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിൽ 10% ഓവർഹെഡ് ചാർജ്ജാണ് അനുവദിച്ചിരുന്നത്. ഇതിൽ നിന്നും 2.5% കുറവ് വരുത്താതെ ബിൽ തയ്യാറാക്കിയതു മൂലവും, വാറ്റിനത്തിലുള്ള 5% കിഴിവ് ബില്ലിൽ വരുത്താതിരുന്നതു മൂലവും കൺവീനർമാർക്ക് അധിക തുക നൽകി. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് വിശദവിവരം | ഒ.എച്ച് 7.5% ഉൾപ്പെടുത്തിയാൽ വരുന്ന **അർഹമായ** പ്രവൃത്തി മൂല്യം | 5% വാറ്റ് കിഴിവ് വരുത്തിയതിനു ശേഷമുള്ള തുക | ആകെ ചെലവഴിക്കാവുന്ന തുക | അധികം ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | കരുർ സ്കൂൾ- ബാലൻ വസതി വരെ റോഡ് കോൺക്രീറ്റിംഗ് - 130/19<br>കൺവീനർ - ബിനുമോൻ.എൻ<br>എം. ബുക്ക് - 135/17<br>പ്രവൃത്തി മൂല്യം - 326452/- (OH-10% ഉൾപ്പെടെ)<br>ബിൽ നം.13/31.05.18- 3,26,452/- | 319033/- | 303081<br>(319033- 15952) | 303081 | 23371 |
| 2 | ആനച്ചിറ അയ്യന്റെ പറമ്പ് റോഡ് കോൺക്രീറ്റിംഗ് - 148/19<br>കൺവീനർ - രഞ്ജിത<br>എം. ബുക്ക് - 38/18-19<br>പ്രവൃത്തി മൂല്യം - 49023/-(OH-7.5%)<br>ബിൽ നം. 35/13.03.19- 49023/- | 49023/- | 46572<br>(49023- 2451) | 46572 | 2451 |
| 3 | കുടുംബിക്കാട് കോളനി റോഡ് കോൺക്രീറ്റിംഗ്-121/19<br>കൺവീനർ - അനിൽകുമാർ<br>എം. ബുക്ക് - 151/17-18<br>പ്രവൃത്തി മൂല്യം - 41762/-(OH-7.5%)<br>ബിൽ നം. 3/31.05.18- 41762/- | 41762 | 39674<br>(41762-2088) | 39674 | 2088 |
| | ആനന്ദേശ്വരം ഇല്ലിച്ചിറ | | 47449 | | |

| | | | | | |
|---|---|---|---|---|---|
| 4 | റോഡ് മെയിന്റനൻസ്-175/19<br>കൺവീനർ -രംജിഷ്<br>എം. ബുക്ക് - 132/17<br>പ്രവൃത്തി മൂല്യം - 49946/-(OH-7.5%)<br>ബിൽ നം. 22, 23/ 19.03.19- 49946/- | 49946 | (49946-2497) | 47449 | 2497 |
| | ആകെ | | | | 30407 |

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 7/26.9.18) നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ അപാകത ബോധ്യപ്പെട്ടതായും അധികം നൽകിയ തുക കൺവീനർമാരിൽ നിന്നും തിരികെ ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അധികം ചെലവഴിച്ച 30,407/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-2 വീട് വാസയോഗ്യമാക്കൽ അധികം തുക അനുവദിച്ചു

വി.ഇ.ഒ. പുറക്കാട് നിർവ്വഹണം നടത്തിയ വീട് വാസയോഗ്യമാക്കൽ (എസ്.സി.) എന്ന പ്രോജക്ട് (പ്രോജക്ട് നം. S098/19) 14 പേർക്ക് 50,000/- രൂപ വീതം നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ ശ്രീ.ഭദ്രൻ, കൊച്ചുതറ എന്നയാൾ സമർപ്പിച്ച അപേക്ഷയിൽ ചേർത്തിട്ടുള്ള മൂല്യനിർണ്ണയത്തിൽ 50,001/- രൂപയുടെ മൂല്യനിർണ്ണയം മാത്രമാണ് ഉള്ളതെങ്കിലും ഇദ്ദേഹത്തിന് 75,000/-രൂപ ആനുകൂല്യം നൽകി. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ബിൽ നം./തീയതി./ തുക | ശ്രീ.ഭദ്രനു നൽകിയത് |
|---|---|---|
| 1 | 14 /24-11-2018 /125000 | 25000 |
| 2 | 19 / 28-12-2018 /125000 | 25000 |
| 3 | 21 / 18-1/ 2019/100000 | 25000 |
| | ആകെ | 75000 |

ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/27.09.19) ശ്രീ.ഭദ്രൻ, കൊച്ചുതറയ്ക്ക് അധികം നൽകിയ 25,000/- രൂപ തിരിച്ചടക്കണമെന്ന് കാണിച്ച് അദ്ദേഹത്തിന് കത്ത് നൽകിയിട്ടുണ്ടെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്. 25,000/-രൂപ അധികം നൽകിയിട്ടുള്ളതിനാൽ ഈ തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നു.

## 3-3 MGNREGS മെറ്റീരിയൽ വർക്കുകളിലെ അപാകതകൾ

2018/19 വർഷം MGNREGS വഴി നടപ്പാക്കിയ മെറ്റീരിയൽ വർക്കുകളുമായി ബന്ധപ്പെട്ട് ചില അപാകതകൾ കാണുന്നു.

1. 2018/19 വർഷം 10 വർക്കുകൾക്കായി മെറ്റീരിയൽസ് വാങ്ങിയതിന് മൂന്ന് കരാറുകാർക്ക് 28,01,272/- രൂപ അനുവദിച്ചിട്ടുണ്ട്. ഇവരിൽ നിന്നും GST TDS 2% ഈടാക്കിയിട്ടില്ല. GST ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2. താഴെ പറയുന്ന വർക്കുകൾക്കായി കരാറുകാർ മെറ്റീരിയൽസ് സപ്ലൈ ചെയ്തപ്പോൾ സപ്ലൈ ചെയ്ത ഓരോ ഇനങ്ങൾക്കും മൂല്യം നിർണ്ണയിച്ച് നൽകിയതിനു പുറമെ sundries എന്ന പേരിൽ തുക അനുവദിച്ചതായി കാണുന്നു. മെറ്റീരിയൽസിന്റെ യഥാർത്ഥ വിലയാണ് കരാറുകാരന് നൽകിയിട്ടുള്ളത്. ഇതിനു പുറമെ sundries എന്ന പേരിൽ തുക അനുവദിച്ചത് ശരിയല്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വർക്കിന്റെ പേര് | കരാറുകാരന്റെ | sundries എന്ന പേരിൽ | അളവ് പുസ്തകം |
|---|---|---|---|---|

| | | പേര് | അനുവദിച്ച തുക | |
|---|---|---|---|---|
| 1 | കുടുംബിക്കാട് ക്ഷേത്ര പരിസരം നടപ്പാത നിർമ്മാണം ഘട്ടം 1 | ശ്രീ.ഗ്രഗറി | 1005.27 | 19/18-19 |
| 2 | കുടുംബിക്കാട് ക്ഷേത്ര പരിസരം നടപ്പാത നിർമ്മാണം ഘട്ടം 2 | ശ്രീ.ഗ്രഗറി | 1011.16 | 18/18-19 |
| 3 | T.S കനാൽ ഷാപ്പിൽ നടപ്പാത നിർമ്മാണം ഘട്ടം 1 | ശ്രീ.ഗ്രഗറി | 1569.22 | 21/18-19 |
| 4 | വാർഡ് 14 ഗ്രാവൽ റോഡ് നിർമ്മാണം | ശ്രീ.സജിമോൻ | 74.84 | 15/18-19 |
| 5 | പാട്ടത്തിൽ ആട്ടക്കാരു പറമ്പിൽ നടപ്പാത നിർമ്മാണം | ശ്രീ.നജീബ് മുഹമ്മദ് അലി | 5055.93 | 16/18-19 |
| 6 | T.S കനാൽ ഷാപ്പിൽ നടപ്പാത നിർമ്മാണം ഘട്ടം 2 | ശ്രീ.ഗ്രഗറി | 1569.22 | 22/18-19 |
| | ആകെ | | 10285.64 | |

അധികം നൽകിയ 10286 രൂപ കരാറുകാരിൽ നിന്നും തിരികെ ഈടാക്കി എം.ജി.എൻ.ആർ.ഇ.ജി.എസ്.ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-4 എസ്.സി.വിഭാഗക്കാർക്ക് ഗാർഹിക വാട്ടർ കണക്ഷൻ - യഥാർത്ഥ ചെലവിനേക്കാൾ കൂടുതൽ തുക അനുവദിച്ചുനൽകി

2018-19 സാമ്പത്തിക വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടാണ് എസ്.സി.വിഭാഗക്കാർക്ക് ഗാർഹിക വാട്ടർ കണക്ഷൻ (പ്രോജക്ട് നം. S0127/19). ഫണ്ടിന്റെ വകയിരുത്തൽ ചുവടെ ചേർക്കുന്നു.

വികസനഫണ്ട് (എസ്.സി.പി) - 107500

തനത് ഫണ്ട് - 5000

ആകെ അടങ്കൽ - 112500/-

__ചെലവ് വിവരം__

| ബിൽ നം./തീയതി | തുക |
|---|---|
| 3/18-19/24.07.2018 | 15000/- |
| 4/18-19/30.07.2018 | 22500/- |
| 5/18-19/30.08.2018 | 15000/- |
| 7/18-19/12.10.2018 | 7500/- |
| 19/18-19/21.01.2019 | 7500/- |
| ആകെ | 67500/- |

ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട 9 എസ്.സി. ഗുണഭോക്താക്കൾക്ക് 7500/- രൂപ വീതം പദ്ധതിവിഹിതത്തിൽ നിന്നും ആനുകൂല്യം നൽകി. സ.ഉ.(കൈ) നം. 22/2018/ത.സ്വ.ഭ.വ/തീയതി.14.2.18 പ്രകാരം, പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവർക്ക് തദ്ദേശ സ്ഥാപന പദ്ധതിയിൽ നിന്നും കുടിവെള്ള ഗാർഹിക കണക്ഷനായി യഥാർത്ഥ ചെലവ് അനുവദിച്ച് നൽകാവുന്നതാണ്. പ്രോജക്ട് നടപ്പിലാക്കിയതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1) താഴെ ചേർത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് ചെലവഴിച്ച തുകയേക്കാൾ അധികം തുക അനുവദിച്ചുനൽകി.

| ഗുണഭോക്താവിന്റെ | അനുവദിച്ച | ഹാജരാക്കിയ രേഖകൾ പ്രകാരമുള്ള | കൂടുതൽ |
|---|---|---|---|

| പേര് | തുക | യഥാർത്ഥ ചെലവ് | അനുവദിച്ച തുക |
|---|---|---|---|
| കുഞ്ഞുമോൾ.കെ | 7500 | 6500 | 1000 |
| സി.വി.സുരേഷ് | 7500 | 6500 | 1000 |
| ജി.വിജയമ്മ | 7500 | 7000 | 500 |
| ആകെ | | | 2500 |

2) ഹാജരാക്കിയ ഫയലിൽ പ്ലംബിംഗ് ലൈസൻസി സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള എസ്റ്റിമേറ്റിനോടൊപ്പം, 9 ഗുണഭോക്താക്കളും വാട്ടർ അതോറിറ്റിയിൽ കണക്ഷൻ ഫീസ് അടവാക്കിയതിന്റെ ബില്ല് മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പൈപ്പ്, അനുബന്ധ സാമഗ്രികൾ എന്നിവ വാങ്ങിയതിന്റെ അനുബന്ധ ബില്ലുകൾ ഹാജരാക്കിയിട്ടില്ല. ഗുണഭോക്താക്കൾ കുടിവെള്ള കണക്ഷൻ എടുത്തതു സംബന്ധിച്ച സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

3) ഹാജരാക്കിയ ചെലവ് കണക്ക് പ്രകാരം, കണക്ഷൻ ഫീസിനത്തിൽ 9 ഗുണഭോക്താക്കളും വാട്ടർ അതോറിറ്റിയിൽ 560/-രൂപ അടവാക്കിയതായി എസ്റ്റിമേറ്റിൽ ചെലവ് കാണിച്ചിരിക്കുന്നു. എന്നാൽ 5 ഗുണഭോക്താക്കൾ 310/-രൂപ മാത്രമാണ് പ്രസ്തുതയിനത്തിൽ ചെലവഴിച്ചിട്ടുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | അടവാക്കിയ തുക | രശീതി നം/ തീയതി | ചെലവ് രേഖ പ്രകാരം അധികം കൈപ്പറ്റിയ തുക |
|---|---|---|---|
| ജി.വിജയമ്മ | 310 | HA 63631/13.4.18 | 250 |
| വിജയമ്മ | 310 | HA 63651/13.4.18 | 250 |
| കുഞ്ഞുമോൾ.കെ | 310 | HA 63885/18.4.18 | 250 |
| ശാന്തമ്മ | 310 | HA 64932/14.5.18 | 250 |
| അനിൽകുമാർ | 310 | HA 70568/5.11.18 | 250 |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 28.09.19 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17), അധികമായി നൽകിയ 2500/- രൂപയും, ക്രമ നം. 3 പ്രകാരമുള്ള 1250/-രൂപയും ചേർത്ത് ആകെ തുക ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ഗുണഭോക്താക്കൾ പൈപ്പ് ലൈൻ വലിക്കുന്നതിനുള്ള സാധന സാമഗ്രികൾ നേരിട്ട് വാങ്ങാറില്ലെന്നും കരാറുകാർ ഇവ ഏതെങ്കിലും സാനിട്ടറി കടയിൽ നിന്നും ബൾക്കായി വാങ്ങിയാണ് ഓരോ ഗുണഭോക്താവിനും പൈപ്പ് ലൈൻ കണക്ഷൻ നൽകുന്നത് എന്നും മറുപടിയിലുണ്ട്. ഭാവിയിൽ ഇത്തരം പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശിക്കുന്ന പ്രകാരമുള്ള ബില്ലുകളും അനുബന്ധരേഖകളും ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമേ യഥാർത്ഥ ചെലവ് അനുവദിച്ചു നൽകാവൂ എന്ന് നിർദ്ദേശിക്കുന്നതോടൊപ്പം അധികം ചെലവഴിച്ച 3750/- രൂപ (2500+1250) ഓഡിറ്റിൽ നിരാകരിക്കുന്നു.

## ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 2354020 | ലൈഫ് ഭവനനിർമ്മാണം | 2343136 | 10884 |

| | | | | | |
|---|---|---|---|---|---|
| | | 279000 | സ്കോളർഷിപ്പ് | 279000 | 0 |
| | | 300000 | ന്യൂട്രീഷൻ | 300000 | 0 |
| | | 350000 | മിൽക്ക് ഇൻസെന്റീവ് | 350000 | 0 |
| | | 314266 | പാലിയേറ്റീവ് കെയർ | 294114 | 20152 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 300000 | അഗതിരഹിതകേരളം | 0 | 300000 |
| | | 100000 | ന്യൂട്രീഷൻ | 100000 | 0 |
| | | 300000 | സ്കോളർഷിപ്പ് | 300000 | 0 |
| | | 200000 | മിൽക്ക് ഇൻസെന്റീവ് | 200000 | 0 |
| | | 600000 | സ്റ്റഡി റൂം | 300000 | 300000 |
| | | 1676864 | ലൈഫ് ഭവനനിർമ്മാണം | 1676864 | 0 |
| | | 83060 | ലൈഫ്-എസ്.സി | 0 | 83060 |

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം./ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | ഇലക്ട്രിസിറ്റി ലൈൻ എക്സ്റ്റൻഷൻ-ജനറൽ | 65/13.09.18 | 24223 | 0 | 24223 |
| കെ.ഡബ്ല്യൂ.എ | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 111/22.11.18 | 76064 | 0 | 76064 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ ഇനത്തിൽ 2,77,40,000/- രൂപ വരവുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന നിർമ്മാണം | ജി.ഒ(എം.എസ്)68/18/ ത.സ്വ.ഭ.വ/18.5.18 | 27740000 | -- | -- | -- | 27740000 |

.

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 32,536/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2018-19 | 3(1) | 32536 | അർജ്ജുൻ.കെ.എസ്, എ.ഇ (തൊഴിലുറപ്പ് പദ്ധതി) | 118020101945/31.12.18 |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

സ്ഥാപനത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 2-9 | 2007-08 | 3-21-2 | ഫിഷറീസ് ഇൻസ്പെക്ടർ നടപ്പിലാക്കിയ വിവിധ പദ്ധതികൾ | ഫയലുകൾ പരിശോധിക്കുവാൻ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| 2003-04 | 2-4 | 2007-08 | 3-21-2 | രേഖകളുടെ അഭാവത്തിൽ സെക്രട്ടറി നടപ്പിലാക്കിയ വിവിധ പ്രോജക്ടുകളുടെ ചെലവ് തടസ്സപ്പെടുത്തി | -- |

# 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 106537631 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 95547091 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 69443 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1873343 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 30407 | ശ്രീമതി.സിസി ആന്റണി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 25000 | ശ്രീ.ശരത്, വി.ഇ.ഒ |
| 3-3 | | 10286 | ശ്രീ.സജി, സെക്രട്ടറി |
| 3-4 | | 3750 | ശ്രീ.സുരേഷ്.എ, അസിസ്റ്റന്റ് സെക്രട്ടറി |
| **ആകെ** | | **69443** | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 485204 | ശ്രീ.സജി, സെക്രട്ടറി |
| 1-26(1) | 132000 | ശ്രീമതി.എസ്.ഗംഗാലക്ഷ്മി, സെക്രട്ടറി |
| 1-26(2) | 76064 | ശ്രീ.സജി,സെക്രട്ടറി |
| 1-28(1) | 168575 | ഡോ.പ്രീതി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-28(2) | 100000 | ഡോ.നിഷ.ജെ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-29 | 803500 | ഡോ.പ്രിൻസ് മോൻ.കെ, വെറ്ററിനറി സർജൻ |
| 1-30 | 108000 | ശ്രീമതി.എസ്.ഗംഗാലക്ഷ്മി, സെക്രട്ടറി |
| ആകെ | **1873343** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഖണ്ഡിക - 3-3 (1)

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സജി,സെക്രട്ടറി | രാമങ്കരി ഗ്രാമപഞ്ചായത്ത് | വലിയ പറമ്പിൽ, പുന്നപ്ര പി.ഒ, ആലപ്പുഴ |
| ശ്രീമതി.എസ്.ഗംഗാലക്ഷ്മി, സെക്രട്ടറി | - | കൃഷ്ണകൃപ, പല്ലാരിമംഗലം പി.ഒ, മാവേലിക്കര |
| ശ്രീമതി.സിസി ആന്റണി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ്എഞ്ചിനീയർ, പുറക്കാട് ഗ്രാമപഞ്ചായത്ത് | കണ്ണോത്ത് പറമ്പിൽ, ചാത്തനാട്, അവലൂക്കുന്നു.പി.ഒ, ആലപ്പുഴ |

| | | |
|---|---|---|
| ശ്രീ.ശരത്, വി.ഇ.ഒ | വി.ഇ.ഒ, പുറക്കാട് ഗ്രാമപഞ്ചായത്ത് | കാർത്തിക, കരൂർ, അമ്പലപ്പുഴ.പി.ഒ |
| ഡോ.പ്രിൻസ് മോൻ.കെ, വെറ്ററിനറി സർജൻ | - | കാട്ടുപറമ്പിൽ, തഴക്കര.പി.ഒ, മാവേലിക്കര |
| ശ്രീ.സുരേഷ്.എ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, പുറക്കാട് ഗ്രാമപഞ്ചായത്ത് | പുത്തൻപറമ്പിൽ ആതിര, കരൂർ, അമ്പലപ്പുഴ |
| ഡോ.പ്രീതി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | - | നവനീതം, കരൂർ, അമ്പലപ്പുഴ |
| ഡോ.നിഷ.ജെ, മെഡിക്കൽ ഓഫീസർ, ഹോമിയോ | - | ജലജഭവൻ, പുതുശ്ശേരി, കാമരാജ് നഗർ, തമലം, പൂജപ്പുര.പി.ഒ, തിരുവനന്തപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ജി.എ-5-1832/11/21.01.2012 |
| 1998-99 | എൽ.എഫ്.ജി.എ-5-1832/11/21.01.2012 |
| 1999-00 | എൽ.എഫ്.ജി.എ-5-1832/11/21.01.2012 |
| 2000-01 | എൽ.എഫ്.ജി.എ-5-1832/11/23.01.2012 |
| 2001-02 (ചെലവ്) | എൽ.എഫ്.ജി.എ-5-1832/11/23.01.2012 |
| 2002-03 | എൽ.എഫ്.ജി.എ-5-1832/11/23.01.2012 |
| 2003-04 | എൽ.എഫ്.ജി.എ-5-1832/11/23.01.2012 |
| 2004-05 | എൽ.എഫ്.ജി.എ-5-1832/11/23.01.2012 |
| 2005-06 | എൽ.എഫ്.ജി.എ-5-1832/11/23.01.2012 |
| 2006-07 | എൽ.എഫ്.ജി.എ-5-1577/13/15.05.2014 |
| 2007-08 | എൽ.എഫ്.ജി.എ-5-1577/13/15.05.2014 |
| 2008-09 | എൽ.എഫ്.ജി.എ-5-1577/13/15.05.2014 |
| 2009-10 | എൽ.എഫ്.ജി.എ-5-1577/13/15.05.2014 |
| 2010-11 | എൽ.എഫ്.എ പി8- 1091/12/20.11.2012/16.01.2013 |
| 2011-12 | എൽ.എഫ്.എ പി8- 373/14/26.05.2014 |
| 2012-13, 2013-14 | എൽ.എഫ്.എ പി8- 1826/14/05.02.2015 |
| 2014-15 | കെ.എസ്.എ.എ.എൽ.പി.പി12-839/16 തീയതി. 30.07.2016 |
| 2015-16 | കെ.എസ്.എ.എ.എൽ.പി.പി12-1305/16 തീയതി. 02.12.2016 |
| 2016-17 | കെ.എസ്.എ.എ.എൽ.പി.പി12-1244/17 തീയതി. 25.10.2017 |
| 2017-18 | കെ.എസ്.എ.എ.എൽ.പി.പി12/118/19 തീയതി. 08.02.2019 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ.

## **<u>അനുബന്ധം.1</u>**

നം. കെ.എസ്.എ-എ.എൽ.പി./പി12-536/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

തീയതി: 29.06.2019

ഫോൺ: 0477 2252753

e-mail: ddhglfalpy@gmail.com

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ പുറക്കാട് ഗ്രാമപഞ്ചായത്തിന്റെ 31.03.2019-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പുറക്കാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം.2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ